# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മട്ടന്നൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.15/42/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 12/05/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
മട്ടന്നൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.ഡയറക്ടർ, കേരള സംസ്ഥാന ഏഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)
3.ഡയറക്ടർ, നഗരകാര്യ വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4.റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം കോഴിക്കോട്

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.15/42/22 തീയ്യതി: 12/05/2022

## കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 12-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വിനോദ്.കെ.കെ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-12-2021 | 29-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2021 | 29-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. പ്രദീപ് കുമാർ. എം, ഓഡിറ്റ് ഓഫീസർ
ശ്രീ. ഷിജു. എ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ആൽബർട്ട് ജോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. വനജ മാടത്താങ്കണ്ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ശ്രീജ. കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. നിഖില. എ. എം,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അനിത വേണു. | ചെയർപേഴ്സൺ | 01-04-2020 | 31-03-2021 |
| ശ്രീ. അനീഷ്. പി. എൻ | സെക്രട്ടറി | 01-04-2020 | 05-07-2020 |
| ശ്രീ. വിനോദ് കുമാർ. എസ്. | സെക്രട്ടറി | 06-07-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മനോജ് കുമാർ.ആർ. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.സുഷമ.കെ. | മെഡിക്കൽ ഓഫീസർ, CHC | 01-04-2020 | 31-03-2021 |
| ഡോ.വിദ്യോത് കുമാർ.പി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.ഷെർന.സി.എം. | മെഡിക്കൽ ഓഫീസർ (ഹോമിയോ ) | 01-04-2020 | 31-03-2021 |
| ഡോ.രാമ അറുമുഖം | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ജിസ്മി അഗസ്റ്റിൻ | ICDS സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.ശശിധരൻ.എൻ.പി. | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്. | 01-04-2020 | 31-03-2021 |
| ശ്രീമതി.സരസ്വതി.എം.പി. | ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ്. | 01-04-2020 | 31-03-2021 |
| ശ്രീ.ഷാജി.സി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.കൃഷ്ണപ്രസാദ്.ടി. | കൃഷി ഓഫീസർ | 01-04-2020 | 02-08-2020 |
| ശ്രീ.ശ്രീജിത്ത്.എസ്. | കൃഷി ഓഫീസർ | 03-08-2020 | 31-03-2021 |
| ശ്രീ.കെ.പി..രമേശ് ബാബു | പ്രോജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2022) | 1-1 |
| 2 | പുതുക്കിയ ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക.<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 05-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 06-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 1-4 |
| 7 | പദ്ധതി അവലോകനം.<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vanaja Madathankandi (Senior Grade Auditor, On 06-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Nikhila A.M. (Auditor, On 05-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 1-9 |
| 12 | വാർഡ് സഭ<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 29-04-2022) | 1-10 |
| 13 | വസ്തു നികുതി തെറ്റായി നിർണയിച്ചു. വാർഷിക ഡിമാന്റിൽ ₹5559 കുറവ്<br>Written By: Sreeja.K (Auditor, On 29-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 1-11 |
| 14 | മൊബൈൽ ടെലഫോൺ ടവർ- നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല.<br>Written By: Sreeja.K (Auditor, On 29-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 1-12 |
| 15 | പൊളിച്ചു നീക്കിയ കെട്ടിടങ്ങൾ ഡിമാന്റിൽ നിന്നും ഒഴിവാക്കിയില്ല.<br>Written By: Sreeja.K (Auditor, On 29-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-04-2022) | 1-13 |
| 16 | തൊഴിൽ നികുതി അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 29-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-04-2022) | 1-14 |
| 17 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Sreeja.K (Auditor, On 29-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 1-15 |

| | | |
|---|---|---|
| 18 | ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ<br>Written By: Nikhila A.M. (Auditor, On 29-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 1-16 |
| 19 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികളുടെ വാടക കുടിശ്ശിക മുഴുവൻ തുകയും പിരിച്ചെടുത്തിട്ടില്ല<br>Written By: Nikhila A.M. (Auditor, On 29-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 1-17 |
| 20 | കല്ലൂർ വ്യവസായ എസ്റ്റേറ്റിൽ പ്ലോട്ടുകൾ അനുവദിച്ച വ്യവസായ സംരംഭകരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല<br>Written By: Nikhila A.M. (Auditor, On 29-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 1-18 |
| 21 | വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കിയില്ല<br>Written By: Nikhila A.M. (Auditor, On 29-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 1-19 |
| 22 | സെക്രട്ടറിയുടെ ശമ്പളം - സർക്കാരിലേയ്ക്ക് തിരികെ ഒടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Pradeep Kumar M (Audit Officer, On 03-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 1-20 |
| 23 | മുൻകൂറുകൾ സമയപരിധിക്കകം ക്രമീകരിക്കേണ്ടതാണ്<br>Written By: Pradeep Kumar M (Audit Officer, On 03-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 1-21 |
| 24 | അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപ്പന്റ് - തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Pradeep Kumar M (Audit Officer, On 03-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-22 |
| 25 | ഐ.കെ.എം വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Pradeep Kumar M (Audit Officer, On 03-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-23 |
| 26 | വയോമിത്രം പദ്ധതി- കൈപ്പറ്റ് രസീതിയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല<br>Written By: Pradeep Kumar M (Audit Officer, On 03-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-24 |
| 27 | ആധുനിക അറവുശാലക്ക് സ്ഥലമെടുപ്പ് - രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹41,92,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Pradeep Kumar M (Audit Officer, On 03-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 1-25 |
| 28 | എസ്.സി ഫ്ലാറ്റിന് സ്ഥലം വാങ്ങൽ- അപാകങ്ങൾ പരിഹരിച്ചിട്ടില്ല – ₹28,84,345 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Pradeep Kumar M (Audit Officer, On 06-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-26 |
| 29 | വെള്ളക്കരം ഒടുക്കൽ- സംയുക്ത പരിശോധന നടത്തേണ്ടതാണ്.<br>Written By: Pradeep Kumar M (Audit Officer, On 06-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 1-27 |
| 30 | സമഗ്ര വിദ്യാഭ്യാസ പരിപാടി (സ്പിൽ ഓവർ)- രേഖകൾ ഹാജരാക്കിയില്ല.₹646500യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 05-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 1-28 |
| 31 | ബാലസഭ പ്രവർത്തനങ്ങൾ -അധികം ചെലവഴിച്ച ₹15,922 അംഗീകരിക്കുന്നില്ല ₹51,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 05-01-2022) | 1-29 |

| | | |
|---|---|---|
| | Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | |
| 32 | തുടർ സാക്ഷരത പ്രവർത്തനം - രശീത് ഹാജരാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 05-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-30 |
| 33 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Albert Jose (Senior Grade Auditor, On 06-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-31 |
| 34 | അംഗൻവാടി പോഷകാഹാര വിതരണം- സാധനം വാങ്ങിയത് സ്റ്റോക്കിലെടുത്തില്ല - ചെലവു തുക ₹15,75,332 തടസ്സപ്പെടുത്തുന്നു<br>Written By: Vanaja Madathankandi (Senior Grade Auditor, On 05-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 1-32 |
| 35 | മട്ടന്നൂർ ഗവ.യു പി സ്കൂളിന് ഫർണിച്ചർ ലഭ്യമാക്കൽ (സ്പിൽ ഓവർ)-രേഖകൾ ഹാജരാക്കിയില്ല ₹10,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 05-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-33 |
| 36 | മരുന്നും ഉപകരണങ്ങളും സമയബന്ധിതമായി ലഭിക്കുന്നില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 05-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 1-34 |
| 37 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല.<br>Written By: Jyothish Kumar (Audit Officer (HG), On 06-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-35 |
| 38 | ഭദ്രത ഭവന പദ്ധതി - 6 വർഷം കഴിഞ്ഞിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 05-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-36 |
| 39 | മട്ടന്നൂർ നഗരസഭ ബസ് സ്റ്റാൻഡ് യാർഡ് കോൺക്രീറ്റിംഗ്<br>Written By: Shiju A (Asst. Audit Officer, On 24-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-37 |
| 40 | റോഡ് പ്രവൃത്തി അപാകതകൾ - ഒഴിഞ്ഞ താർ വീപ്പകളുടെ വില കുറവ് ചെയ്യതായി കാണുന്നില്ല<br>Written By: Shiju A (Asst. Audit Officer, On 24-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 1-38 |
| 41 | ജി എസ് ടി -അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 24-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-39 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| | Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 02-01-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 02-01-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 02-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jyothish Kumar (Audit Officer (HG), On 06-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2022) | 4-11 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | RECEIPT AND PAYMENT STATEMENT OF MATTANUR MUNICIPALITY FOR THE PERIOD FROM 1-4-2020 TO 31-3-2021 |
| 4 | INCOME AND EXPENDITURE STATEMENT OF MATTANUR MUNICIPALITY FOR THE PERIOD FROM 1-4-2020 TO 31-3-2021 |
| 5 | BALANCE SHEET OF MATTANUR MUNICIPALITY AS ON 31-3-2021 |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2020-21ലെ ബജറ്റ് നഗരസഭാ കൗൺസിലിന്റെ 27-3-2020 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 199726974 |
| വരവ് | 471070730 |
| ആകെ | 670797704 |
| ചെലവ് | 401997565 |
| നീക്കിയിരിപ്പ് | 268800139 |

## 1-1-1 പുതുക്കിയ ബജറ്റ്

മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2020-21ലെ പുതുക്കിയ ബജറ്റ് താഴെപ്പറയും പ്രകാരം തയ്യാറാക്കിയിട്ടുണ്ടെങ്കിലും കൗൺസിലിന്റെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| മുന്നിരിപ്പ് | 142071883 |
| വരവ് | 425311641 |
| ആകെ | 567383524 |
| ചെലവ് | 529098717 |
| നീക്കിയിരിപ്പ് | 38284807 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2021 | 30-7-2021 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) ജി.ഒ പ്രൊജക്ട് പ്രകാരം വികസന ഫണ്ട് പൊതുവിഭാഗം, വികസന ഫണ്ട് എസ്.സി.പി, വികസന ഫണ്ട് ടി.എസ്.പി എന്നിവയിൽ നിന്നും ചെലവഴിച്ച തുകകൾ വാർഷിക ധനകാര്യ പത്രിക I-6 ഷെഡ്യൂളിൽ ഉൾപ്പെടുന്നില്ല.

2) 2020-21 ൽ പ്രോജക്ട് നമ്പർ 206/21, 211/21, 214/21 എന്നിവ പ്രകാരം യഥാക്രമം ₹131584, ₹646500, ₹77812 വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെങ്കിലും ഈ തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുന്നില്ല.

3) ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇനം തിരിച്ചുള്ള വിവരങ്ങളുടെ സംക്ഷിപ്തവും ആകെ തുകയും എഴുതാത്തതിനാൽ B-7 പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

4) അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇനം തിരിച്ചുള്ള വിവരങ്ങളുടെ സംക്ഷിപ്തവും ആകെ തുകയും എഴുതാത്തതിനാൽ B-18 പ്രകാരമുള്ള മുൻകൂർ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

5) ആസ്തി രജിസ്റ്റർ - B-11 പ്രകാരമുള്ള ആസ്തി വിവരം പരിശോധിക്കാനുള്ള രേഖകൾ സൂക്ഷിക്കാത്തതിനാൽ B-11 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

6) B-4 ഷെഡ്യൂളിലെ തുകകളുടെ വിശദവിവരം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

7) വസ്തു നികുതിയുടെ ഡിമാന്റ്, കലക്ഷൻ, ബാലൻസ്, സംക്ഷിപ്തം എന്നിവ പരിശോധിക്കാൻ ആവശ്യമായ രേഖകൾ ലഭ്യമായിട്ടില്ല.

8) തൊഴിൽ നികുതിയുടെ ഡിമാന്റ്, കലക്ഷൻ, ബാലൻസ്, സംക്ഷിപ്തം എന്നിവ പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമായിട്ടില്ല.

9) ഡി&ഒ ലൈസൻസ് ഫീസിന്റെ ഡിമാന്റ്, കലക്ഷൻ, ബാലൻസ്, സംക്ഷിപ്തം എന്നിവ പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമായിട്ടില്ല.

10) വാടകയുടെ ഡിമാന്റ്, കലക്ഷൻ, ബാലൻസ്, സംക്ഷിപ്തം എന്നിവ പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമായിട്ടില്ല.

11) 31-3-2021 ലെ കലക്ഷൻ തുകയായ ₹7,65,724 കേരള ബാങ്കിന്റെ 1015007000084 നമ്പർ അക്കൗണ്ടിൽ 31-3-2021 ന തന്നെ ഒടുക്കിയിട്ടുണ്ട്. ക്യാഷ് ബുക്ക്, ഡേ ബുക്ക് എന്നിവ പരിശോധിച്ചത് പ്രകാരം 31-3-2021ലെ ക്യാഷ് ബാലൻസായി തുകയൊന്നും ഇല്ല. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ RP-40(b), B-17 എന്നിവ പ്രകാരം കാഷ് ബാലൻസായി ₹17,12,571 യുണ്ട്.

12) RP-40(b) പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ താഴെപ്പറയുന്ന അക്കൗണ്ടുകളുടെ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

13) തൊഴിലുറപ്പ് പദ്ധതി – ചെലവ് തുകയായ 1,57,14,672/- രൂപ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

14) 2020-21 ധനകാര്യപത്രികയിലെ ബി.9 ഷെഡ്യൂൾ പ്രകാരം 568996.20 ലൈബ്രറി സെസ്സ് ഒടുക്കുവാൻ ബാക്കിയുണ്ട്. ആയത് ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ | RP-40(b) പ്രകാരം | അക്കൗണ്ട് / പാസ് ബുക്ക് പ്രകാരം |
|---|---|---|---|
| 1 | 57067151665 - SBI | 3860364 | 4487900 |
| 2 | 57067151745 - SBI | 18420 | 41245 |
| 3 | 07820530000005728- SIB | 1182939 | 2121589 |
| 4 | 0782053000000244-SIB | 1352694 | 1385125 |
| 5 | 50100246717383-HDFC | 152904 | 145200.17 |
| 6 | 881- Kolari SCB | 105866 | 122566 |
| 7 | TPA - 214 | 64313 | 150182 |
| 8 | 425622100078721 -Syndicate Bank | 1260463 | പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല |
| 9 | 315610100788 – Canara Bank | 1206591 | 1216109.90 |
| 10 | 19994 - AUEGS Fund | 27501 | 994285 |
| 11 | PMAY - Syndicate Bank | 1304763 | 3044763 |
| 12 | 1333 - NULM - Syndicate Bank | 2575487 | പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| വർഷം | 2020-21 |
| മുന്നിരിപ്പ് | 51823884.51 |
| വരവ് | 334940168 |
| ആകെ | 386764052.51 |
| ചെലവ് | 249172112 |
| നീക്കിയിരിപ്പ് | 137591940.51 |
| വരവിനങ്ങളിലെ നഷ്ടം | കണക്കാക്കിയിട്ടില്ല |
| ചെലവിനങ്ങളുടെ നഷ്ടം | 15922 |
| തടസ്സപ്പെടുത്തിയ തുക | 10349177 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 54714400 | 54714400 | 51672643 | 3041757 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 3717000 | 3717000 | 3451968 | 265032 |
| വികസന ഫണ്ട് - ടി.എസ്.പി | 0 | 376667 | 376667 | 330963 | 45704 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 0 | 90304687 | 90304687 | 43399409 | 46905278 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 0 | 33150000 | 33150000 | 9747713 | 23402287 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 14565900 | 14565900 | 14565900 | 0 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | 0 | 14020741 | 14020741 | 9543386 | 4477355 |
| തൊഴിലുറപ്പ് പദ്ധതി | 662886 | 15079287 | 15742173 | 15714672 | 27501 |
| സാക്ഷരത | 12140 | 333 | 12473 | 0 | 12473 |
| എൻ.യു.എൽ.എം | 64630 | 3154352 | 3218982 | 643495 | 2575487 |
| ഐ.എച്ച്.എസ്. ഡി.പി. 1 | 609608 | 18929 | 628537 | 0 | 628537 |
| ഐ.എച്ച്.എസ്. ഡി.പി. 2 | 1206591 | 0 | 1206591 | 0 | 1206591 |
| പി.എം.എ.വൈ | 1837960 | 20047340 | 21885300 | 20580537 | 1304763 |
| ശുചിത്വ മിഷൻ. 1 | 585935 | 16335 | 602270 | 42400 | 559870 |
| ശുചിത്വ മിഷൻ. 2 | 4589864 | 147082 | 4736946 | 259342 | 4477604 |
| പി.എം.എ.വൈ - എച്ച്.ഡി.എഫ്.സി | 5500000 | 72168 | 5572168 | 5480000 | 92168 |

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക ബി.4 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാന്റ് വിനിയോഗ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 293 | 243923017 | 213 | 140297569 | 87 | 80 | 43 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 44 | 32 | 51846947 | 28135047 | 54.27 |
| 2 | പ്രൊജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 22 | 10 | 9518044 | 3071467 | 32.27 |
| 3 | മുനിസിപ്പൽ എഞ്ചിനീയർ | 186 | 132 | 145414517 | 80204882 | 55.16 |
| 4 | കൃഷി ഓഫീസർ | 7 | 7 | 4287902 | 3825199 | 89.21 |
| 5 | മെഡിക്കൽ ഓഫീസർ CHC | 9 | 9 | 6052932 | 5475011 | 90.45 |
| 6 | മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 900000 | 899956 | 99.99 |
| 7 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 250000 | 250000 | 100 |
| 8 | വെറ്റിനറി സർജൻ | 8 | 8 | 7885000 | 4473377 | 56.73 |
| 9 | ICDS സൂപ്പർവൈസർ | 8 | 8 | 11661175 | 10481924 | 89.89 |
| 10 | ഹെഡ് മാസ്റ്റർ ജി.യു.പി.എസ് | 4 | 4 | 3296500 | 3285250 | 99.66 |

| | | | | | | |
|---|---|---|---|---|---|---|
| 11 | ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ് | 1 | 1 | 200000 | 195456 | 97.73 |
| 12 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 0 | 2610000 | 0 | 0 |
| | ആകെ | 293 | 213 | 243923017 | 140297569 | 57.52 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 662886 | 15079287 | 15742173 | 15714672 | 27501 |

ഭരണചെലവുകളും ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്ന തുകകളും തരം തിരിച്ചുള്ള കണക്കുകൾ എഴുതി സൂക്ഷിക്കുന്നില്ല, മുനിസിപ്പാലിറ്റി ലഭ്യമാക്കിയ വിവരമാണ് മേൽ പട്ടികയിൽ കാണിച്ചിട്ടുള്ളത്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| തൊഴിൽ രഹിത വേതനം | 1 | 720 |
| കർഷകതൊഴിലാളി പെൻഷൻ | 1117 | 16384400 |
| വിധവാ പെൻഷൻ | 2123 | 31792600 |
| വാർദ്ധക്യകാല പെൻഷൻ | 3019 | 37660600 |
| വികലാംഗ പെൻഷൻ | 471 | 6727500 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 235 | 3420000 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 28 | 840000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-12-2021 ന് 4.15 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹67238 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും ക്യാഷിന്റെയും ബാങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പു വരുത്തുന്നതുമായ സമ്പ്രദായമാണ്. ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും മുനിസിപ്പാലിറ്റിയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം സാമാന്യം തൃപ്തികരമാണെന്ന് ബോധ്യപ്പെടുകയുണ്ടായി. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം സ്റ്റാഫ് മീറ്റിംഗ് ചേർന്ന് തീരുമാനങ്ങൾ എടുത്തിട്ടുണ്ടെങ്കിലും മുൻപത്തെ യോഗ തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി മീറ്റിംഗ് മിനുട്സുകൾ നാളിതുവരെയായും സകർമ്മയിൽ അപ്‌ലോഡ് ചെയ്തിട്ടില്ല.

## 1-10 വാർഡ് സഭ

മുനിസിപ്പാലിറ്റിയിലെ 35 വാർഡുകളിലും ഒരു തവണ മാത്രമാണ് വാർഡ് സഭകൾ സമ്മേളിച്ചിട്ടുള്ളത്. വാർഡ് സഭാ മിനട്സുകളിൽ തീരുമാനങ്ങൾ രേഖപ്പെടുത്തിയതിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ പ്രതിനിധികൾ ഒപ്പു വെക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

## 1-11 വസ്തു നികുതി തെറ്റായി നിർണയിച്ചു. വാർഷിക ഡിമാന്റിൽ ₹5559 കുറവ്

2019-20, 2020-21 വർഷങ്ങളിലെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ശ്രീ. മുരിക്കോളി ചന്ദ്രൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള 29/533 നമ്പർ കെട്ടിടത്തിന് ലോഡ്ജിങ് ആവശ്യത്തിനാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടത്തിന്റെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനായുള്ള 100 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള ഷോപ്പ് എന്ന് രേഖപ്പെടുത്തി 2016 ഒന്നാം അർദ്ധവർഷം മുതലുള്ള നികുതി വർദ്ധനവ് സ.ഉ.(എം.എസ്) 144/2015/തസ്വഭവ തീയതി 27-4-2015 അടിസ്ഥാനമാക്കി നിലവിലുണ്ടായിരുന്ന നികുതിയുടെ 100% ൽ പരിമിതപ്പെടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/21.12.2021) ലഭ്യമാക്കിയ മറുപടിയിൽ 2005-06 ൽ നികുതി നിർണയിച്ച പ്രസ്തുത കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നും ഇപ്രകാരം തെറ്റായി രേഖപ്പെടുത്തിയതിനാൽ നിശ്ചയിച്ച നികുതിയിൽ കുറവ് വന്നിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം തറ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ വാർഷിക വസ്തുനികുതി നിർണയിക്കുമ്പോഴുണ്ടാകുന്ന വർദ്ധനവ് 100% ൽ അധികരിക്കാൻ പാടില്ല എന്ന ഇളവ് വാണിജ്യ /വ്യവസായ കെട്ടിടങ്ങൾക്ക് മാത്രമാണ് അനുവദനീയമായിട്ടുള്ളത്. ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുള്ളതിനാൽ വാർഷിക നികുതി ഡിമാന്റിൽ കുറവ് വന്നിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ വിസ്തീർണം | അടിസ്ഥാന വസ്തു നികുതി നിരക്ക് | അടിസ്ഥാന വസ്തു നികുതി | വർദ്ധനവ് 20% | ആകെ വസ്തു നികുതി | 5% ലൈബ്രറി സെസ്സ്, 10% സേവന ഉപ നികുതി എന്നിവ ഉൾപ്പെടെ ആകെ തുക | ഡിമാന്റ് ചെയ്ത തുക | വ്യത്യാസം |
|---|---|---|---|---|---|---|---|
| 187.59 | ₹30/ച.മീ | ₹5627.7 | ₹1125.54 | 6754 | 7767 | 2208 | 5559 |

വാർഷിക വസ്തു നികുതി ഡിമാന്റിൽ ₹5559 കുറവ് വന്നിട്ടുണ്ട്. ആയതിനാൽ 2016-17 മുതൽ 2020-21 വരെയുള്ള ഡിമാന്റിൽ ആകെ ₹27408 യുടെ വ്യത്യാസമുണ്ട്. (2016-17 ലെ സേവന ഉപനികുതി നിരക്ക് 2%). വസ്തു നികുതി പുനർനിർണ്ണയം നടത്തി നഷ്ടമായ തുക കണക്കാക്കി ഈടാക്കേണ്ടതും ഇപ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ ഡിമാന്റിൽ കുറവ് വന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-12 മൊബൈൽ ടെലഫോൺ ടവർ- നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല.

നഗരസഭ പരിധിയിലുള്ള മൊബൈൽ ടെലഫോൺ ടവറുകളുടെ നികുതി നിർണയം സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ പ്രകാരം 6 ടവറുകൾക്ക് മാത്രമാണ് നികുതി നിർണയിച്ചതായി കാണുന്നത്. ആയതിന്റെ നികുതി കൃത്യമായി പിരിച്ചെടുത്തതായും കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | കടിശ്ശിക |
|---|---|---|---|
| 1 | 8/449 | സീനിയർ മാനേജർ, ഭാരതി ടെലി വെഞ്ചർ ലിമിറ്റഡ്, എസ് എ റോഡ്, കടവന്ത്ര, കൊച്ചി | ₹6612 (2020-21) |
| 2 | 17/108 | ജയബാൽ മേനോൻ, ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ്, കണ്ണൂർ | ₹33499 (2017 II Half മുതൽ) |

| | | | |
|---|---|---|---|
| 3 | 17/423 | ശ്രീജിത്ത് ജി പിള്ള, പ്രൊജക്ട് മാനേജർ, ടവർ വിഷൻ ഇന്ത്യ ലിമിറ്റഡ് | ₹46390<br>2011 Ist Half<br>മുതൽ |
| 4 | 28/902 B | ഭാരതി ടെലി വെഞ്ചർ ലിമിറ്റഡ് | ₹32049<br>2016 II Half<br>മുതൽ |

നഗരസഭ പരിധിയിൽ അനധികൃതമായി ടവറുകളുടെ നിർമാണം നടന്നിട്ടില്ല എന്ന് ഉറപ്പ് വരുത്തുന്നതിനും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വസ്തുനികുതി ചുമത്തിയിട്ടില്ലാത്ത ടവറുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7 തീയതി 21-12-21) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അനധികൃതമായി ടവറുകളുടെ നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പ് വരുത്തുന്നതിനായി വാർഡുതലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതും നിയമാനുസൃത നികുതി ഈടാക്കേണ്ടതുമാണ്.

## 1-13 പൊളിച്ചു നീക്കിയ കെട്ടിടങ്ങൾ ഡിമാന്റിൽ നിന്നും ഒഴിവാക്കിയില്ല.

ഓഡിറ്റിനു ലഭ്യമാക്കിയ ഡിമോളിഷ്ഡ് ബിൽഡിംഗ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നതിനായി ലഭിച്ച അപേക്ഷയിൻ മേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 5/29-5-20, 4/10-3-20, 7/29-5-20, 7/16-6-20, 8/11-8-20,10/30-10-20 ,എന്നീ നമ്പർ തീരുമാനങ്ങൾ പ്രകാരം 69 കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നതിനായി ശുപാർശ ചെയ്തിട്ടുണ്ട്.എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടങ്ങളുടെ അസസ്സ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ ചില കെട്ടിടങ്ങൾ നാളിതുവരെയായും പൊളിച്ച് നീക്കിയതായി രേഖപ്പെടുത്തി ഡിമാന്റിൽ നിന്നും ഒഴിവാക്കിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 19/57 | വിനേഷ് ആറ്റടപ്പ |
| 2 | 8/21 | ചൂര്യോട്ട് സറീന |
| 3 | 18/154 | പ്രജിത്ത് പി കെ |
| 4 | 8/298 | കെ പി അബൂബക്കർ |
| 5 | 3/84 | കുഞ്ഞുംപീടിക കൃഷ്ണൻ നമ്പ്യാർ |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീയതി 21.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിൽ പൊളിച്ചുമാറ്റിയ കെട്ടിടമായി രേഖപ്പെടുത്താത്തതിനാൽ ഇത്തരം കെട്ടിടങ്ങൾക്ക് നിലവിലും വസ്തു നികുതി ഡിമാന്റ് ചെയ്യുന്നുണ്ട്. നികുതി ഒഴിവാക്കുന്നതിനായി അപേക്ഷ ലഭിച്ച കെട്ടിടങ്ങൾ പരിശോധിച്ച് യഥാസമയം ഡിമാന്റിൽ നിന്നും ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി അപാകങ്ങൾ

1. 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ച കൊണ്ടുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും അതിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായ ആളുകളുടെ അടവ് തുക അവരുടെ പേരിൽ വരവ് വെക്കേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. നഗരസഭ പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴവൻ വ്യാപാരസ്ഥാപനങ്ങളുടേയും വാർഡ് തിരിച്ചുള്ള പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. ഓഡിറ്റിന് ലഭ്യമാക്കിയ തൊഴിൽ നികുതി ഹാന്റ് ബുക്ക് പരിശോധിച്ചതിൻ പ്രകാരം നഗരസഭയിലെ വിവിധ

വാർഡുകളിലുള്ള വ്യാപാരികളുടെ പേര്, കെട്ടിട നമ്പർ, ഡിമാന്റ് ചെയ്ത നികുതി, നികുതി ഈടാക്കിയതിന്റെ രസീത് നമ്പർ എന്നിവ ചേർത്തിട്ടുണ്ട്. എന്നാൽ അർദ്ധ വാർഷിക വരുമാനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.കൂടാതെ തൻ വർഷം നികുതി ഡിമാന്റ് ചെയ്ത മുഴുവൻ വ്യാപാരികളിൽ നിന്നും നികുതി ഈടാക്കിയതായും കാണുന്നില്ല. ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി തൻവർഷത്തെ ആകെ ഡിമാന്റ്, കലക്ഷൻ, കുടിശ്ശിക എന്നിവ കണക്കാക്കി സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 4(2) പ്രകാരം 3 ാം ചട്ട പ്രകാരം തൊഴിൽ നികുതി നിർണയിക്കുന്നതിലേക്കായി അർദ്ധ വാർഷിക വരുമാനം തൊഴിൽ,അല്ലെങ്കിൽ ബിസിനസ്സിനെ സംബന്ധിച്ച വിവരങ്ങളടങ്ങിയ റിട്ടേണുകൾ VIാം നമ്പർ ഫോറത്തിൽ സത്യപ്രസ്താവന സഹിതം സെക്രട്ടറി ആവശ്യപ്പെടേണ്ടതാണെന്നും റിട്ടേൺ പ്രകാരമുള്ള വരുമാനം കണക്കാക്കി നികുതി നിർണയിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.നഗരസഭ പരിധിയിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരിൽ നിന്നും ഇപ്രകാരം റിട്ടേൺ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോയെന്നും അർദ്ധ വാർഷിക വരുമാനത്തിനനുസൃതാമായാണോ നികുതി ഡിമാന്റ് ചെയ്തിട്ടുള്ളതെന്നും വ്യക്തമല്ല.

5. തുക ഒടുക്കാത്ത സ്ഥാപനങ്ങളുടെ നികുതി കുടിശ്ശിക കണക്കാക്കുന്നതിനായി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20 തീയതി 27-12-21) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി പിരിവ് സംബന്ധിച്ച് മേൽ സൂചിപ്പിച്ച അപാകതകൾ ഉള്ളതിനാൽ ഈ ഇനത്തിൽ നഗരസഭയ്ക്ക് യഥാർത്ഥത്തിൽ ലഭ്യമാവേണ്ട വരുമാനം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്താൻ സാധിക്കുന്നില്ല. മേൽ ചട്ടങ്ങളിൽ സൂചിപ്പിച്ച പ്രകാരം വാർഡ് തിരിച്ച് നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ നികുതി അർദ്ധ വാർഷിക വരുമാനത്തിനനുസരിച്ച് ഡിമാന്റ് ചെയ്യേണ്ടതും മുഴുവൻ വിവരങ്ങളും രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ തുക ഒടുക്കാത്ത സ്ഥാപനങ്ങളുടെ നികുതി കുടിശ്ശിക കണക്കാക്കുന്നതിനായി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

## 1-15 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഓഡിറ്റിനു ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷം ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കണ്ണൂർ ഡിസ്ട്രിക് ഹോൾ സെയിൽ കൺസ്യൂമർ കോ -ഓപ്പറേറ്റീവ് സൊസൈറ്റി | I & II |
| 2 | തലശ്ശേരി താലൂക്ക് കോ- ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി, മട്ടന്നൂർ | I & II |
| 3 | മണ്ണൂർ റേഞ്ച് കള്ള് ചെത്ത് തൊഴിലാളി കോ-ഓപ്പറേറ്റീവ് സൊസൈറ്റി | II |
| 4 | മഹാത്മ ഗാന്ധി കോ- ഓപ്പറേറ്റീവ് പ്രസ്സ്, മട്ടന്നൂർ | I & II |
| 5 | കേരള ഹെഡ് ലോഡ് വർക്കേഴ്സ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി | I & II |
| 6 | ഗ്രേസ് ഹോസ്പിറ്റൽ,മട്ടന്നൂർ | I & II |
| 7 | കിൻഫ്ര, മട്ടന്നൂർ | I & II |
| 8 | അഭയ ഹോസ്പിറ്റൽ, മട്ടന്നൂർ | I & II |
| 9 | ഉരുവച്ചാൽ ഫിനാൻസിയേഴ്സ് | I & II |
| 10 | പയ്യൻ ലോട്ടറി, മട്ടന്നൂർ | II |
| 11 | മട്ടന്നൂർ പബ്ലിക് വെൽഫർ കോ -ഓപ്പറേറ്റീവ് സൊസൈറ്റി | II |
| 12 | ഗ്രാമീൺ കോ ഗ്രാമീണ തൊഴിലാളി ക്ഷേമ സഹകരണ സംഘം | I& II |
| 13 | കണ്ണൂർ ഇന്റർ നാഷണൽ എയർപോർട്ട് ഏരിയ ലേബർ കോൺട്രാക്ട് സൊസൈറ്റി | I & II |

| | | |
|---|---|---|
| 14 | അക്ഷയ സെന്റർ, മട്ടന്നൂർ | II |
| 15 | അക്ഷയ സെന്റർ, പാലോട്ടുപള്ളി | I & II |
| 16 | അക്ഷയ സെന്റർ, ഉരുവച്ചാൽ | I & II |
| 17 | അക്ഷയ സെന്റർ, മരുതായി | I & II |
| 18 | ടെക്നിക്കൽ അസിസ്റ്റന്റ് ഐ കെ എം | II |
| 19 | ഐ മാൾ, മട്ടന്നൂർ | I & II |
| 20 | ഉരുവച്ചാൽ വനിത കോ -ഓപ്പറേറ്റീവ് സൊസൈറ്റി | I & II |
| 21 | എംപിസി ഇലക്ട്രിക്കൽ ഏന്റ് എഞ്ചിനീയറിംഗ് | I & II |
| 22 | കെ ടി സി പാർസൽ സർവ്വീസ്, ഇരിട്ടി റോഡ് | I & II |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21 തീയതി 27-12-21) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി മുനിസിപ്പാലിറ്റി ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-16 ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ

മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷൻ താഴെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 $M^2$ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 2687 |
| 2 | 100 $M^2$ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 583 |
| 3 | 200 $M^2$ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 91 |
| 4 | 200 $M^2$ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 815 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ, അസംബ്ലി കെട്ടിടം തുടങ്ങിയവ | 326 |
| 6 | കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്ല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 154 |
| 7 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 524 |
| 8 | ഇതര വ്യവസായങ്ങൾക്കുള്ളവ | 52 |
| | ആകെ | 5232 |

നാളിതുവരെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ ആകെ 21224 സ്ഥാപനങ്ങൾക്ക് ആണ് കെട്ടിട നമ്പർ നല്കിയിരിക്കുന്നത്, ഇതിൽ വാണിജ്യാവശ്യങ്ങൾക്കായി 5232 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ നഗരസഭയിൽ 2020-21 വർഷം ഡി ആന്റ് ഒ ലൈസൻസ് നൽകിയതിന്റെ രേഖകൾ പ്രകാരം വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 5232 കെട്ടിടങ്ങളിൽ 2125 കെട്ടിടങ്ങൾ മാത്രമേ വാണിജ്യ ഉപയോഗങ്ങൾക്കായി നഗരസഭയിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളൂ. ബാക്കിയുള്ള 3107 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമല്ല. ആകെ കെട്ടിട നമ്പർ അനുവദിച്ചതിന്റെ 41% കെട്ടിടങ്ങളിൽ മാത്രമാണ് ലൈസൻസ് അനുവദിച്ച് വ്യാപാര – വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. ബാക്കിയുള്ള 59% കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നഗരസഭക്ക് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമാകാനും സാധ്യതയേറെയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി (നം.2/17.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിക്കേണ്ടതും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

1-17 നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികളുടെ വാടക കുടിശ്ശിക മുഴുവൻ തുകയും പിരിച്ചെടുത്തിട്ടില്ല

A. മട്ടന്നൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികളുടെ വാടക, ബസ് സ്റ്റാന്റ് പാർക്കിംഗ് ഫീ പിരിവ് എന്നിവയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 വർഷത്തെ മുഴുവൻ തുകയും പിരിച്ചെടുത്തിട്ടില്ല എന്ന് കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇന വിവരം | ലേലം കൊണ്ട വ്യക്തി | ലേല തുക/ മാസ വാടക | ഒടുക്കിയ തുക | ബാക്കി | ഭരണ സമിതി തീരുമാനം | ലേലം ഉറപ്പിച്ച തീയതി |
|---|---|---|---|---|---|---|---|
| 1 | ബസ് സ്റ്റാന്റ് ടെർമിനൽ ഷോപ്പിംഗ് കോംപ്ലക്സ് | ഷാക്കീബ്.വി 7/962-A 15 | 2529 | - | 30348 (2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെ) | CR 5/ 03.03.18 | 01.02.18 മുതൽ |
| | | എം. മുസ്തഫ 7/962 -I-A9 | 6741 | - | 40446 (ഒക്ടോബർ 2020 മുതൽ മാർച്ച് 2021 വരെ) | CR 1/ 09.03.17 | 01.04.17 മുതൽ |
| 2 | മാർക്കറ്റ് ഷോപ്പിംഗ്കോംപ്ലക്സ് | ടി. പി. ഷംസുദ്ദീൻ 7/944 | 5104 | - | 20416 (ഡിസംബർ 2020 മുതൽ മാർച്ച് 2021 വരെ) | CR 1/ 09.03.17 | 01.04.17 മുതൽ |
| | | ടി. പി. ഷംസുദ്ദീൻ 7/945 | 5104 | - | 20416 (ഡിസംബർ 2020 മുതൽ മാർച്ച് 2021 വരെ) | CR 1/ 09.03.17 | 01.04.17 മുതൽ |
| | | കെ. പി. അബ്ദുൾ മുനീർ 7/946 | 5104 | - | 20416 (ഡിസംബർ 2020 മുതൽ മാർച്ച് 2021 വരെ) | CR 1/ 09.03.17 | 01.04.17 മുതൽ |
| | | കെ. അബ്ദുൾ റസാഖ് 7/947 A | 5743 | - | 22972 (ഡിസംബർ 2020 മുതൽ മാർച്ച് 2021 വരെ) | CR 1/ 09.03.17 | 01.04.17 മുതൽ |
| | | ഇ. കെ. മുഹമ്മദ് കുഞ്ഞി 7/949 | 4860 | - | 19440 (ഡിസംബർ 2020 മുതൽ മാർച്ച് 2021 വരെ) | CR 4/ 19.04.17 | 01.04.17 മുതൽ |
| 3 | പഴയ ഓഫീസ് ഷോപ്പിംഗ് കോംപ്ലക്സ്-അമ്പലം റോഡ് | മട്ടന്നൂർ പബ്ലിക്ക് ലൈബ്രറി 7/1375 | 3210 | - | 38520 (2020ഏപ്രിൽ മുതൽ 2021 മാർച്ച് വരെ) | CR 9/ 04.01.17 | 06.12.16 മുതൽ |
| 4 | മിനി സ്റ്റേഡിയം കോംപ്ലക്സ് | ലീഗൽ മെട്രോളജി വകുപ്പ് 4/67 Q,R,S | വാടക നിശ്ച യിച്ചിട്ടില്ല | - | 15-10-18 മുതൽ | ലഭ്യമല്ല | ലഭ്യമല്ല |
| | | ജില്ലാ ട്രഷറി 4/67 D To I | വാടക നിശ്ച യിച്ചിട്ടില്ല | - | 24-11-18 മുതൽ | ലഭ്യമല്ല | ലഭ്യമല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | | മൻസൂർ എം കെ 4/67 J | 3150 | - | 37800 (01-04-20 മുതൽ 31-03-21 വരെ) | CR 6/ 18.09.18 | 18.08.18 മുതൽ |
| | | ഫുഡ് ആന്റ് സേഫ്റ്റി 4/67-A4 | വാടക നിശ്ചയിച്ചിട്ടില്ല | - | 01-04-19 മുതൽ | ലഭ്യമല്ല | ലഭ്യമല്ല |
| | | എക്സൈസ് ഓഫീസ് 4/67-L M N | വാടക നിശ്ചയിച്ചിട്ടില്ല | - | 01-04-19 മുതൽ | ലഭ്യമല്ല | ലഭ്യമല്ല |

മേൽപ്പറഞ്ഞ കൈവശക്കാരിൽ നിന്നും കുടിശ്ശിക വാടക പിഴയടക്കം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

2. വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ വാടകയ്ക്ക് നല്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ബൈലോകൾക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/23.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ബൈലോകൾക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. മുറികൾ ലേലം കൊണ്ട എല്ലാ കൈവശക്കാരുമായും നഗരസഭ കരാറിൽ ഏർപ്പെടുന്നില്ല.

മേൽപറഞ്ഞ അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

B. ബസ് സ്റ്റാന്റ് ന്യൂ ഷോപ്പിംഗ് കോംപ്ലക്സിലെ ആകെയുള്ള 59 മുറികളും ലേലം ചെയ്ത് കൊടുത്തിട്ടുണ്ട്. ആയതിൽ 17 മുറികൾ ലേലം കൊണ്ടവർ ഡെപ്പോസിറ്റ് തുകയും (ഭാഗികം) 20 മുറികൾ ലേലം കൊണ്ടവർ വാടകയും ഒടുക്കിയിട്ടില്ല. 22 മുറികൾ ലേലം കൊണ്ടവർ ഡെപ്പോസിറ്റ് തുകയും വാടകയും ഒടുക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | റൂം നമ്പർ, ഡോർ നമ്പർ | ലേലം കൊണ്ട വ്യക്തി | നിശ്ചയിച്ച വാടക/ ഡെപ്പോസിറ്റ് | | ഒടുക്കിയ വാടക / ഡെപ്പോസിറ്റ് | | ബാക്കി | | ലേലം അംഗീകരിച്ച ഭരണ സമിതി തീരുമാനം | ലേലം ഉറപ്പിച്ച തീയതി |
|---|---|---|---|---|---|---|---|---|---|---|
| | | | ഡെപ്പോസിറ്റ് | വാടക | ഡെപ്പോസിറ്റ് | വാടക | ഡെപ്പോസിറ്റ് | വാടക | | |
| 1 | 5, 29/1158 D | റെജികുമാർ ഒ കെ | 2000000 | 20000 | - | - | 2000000 | 240000 (1-4-20 മുതൽ 31-3-21 വരെ) | CR 11/ 26.03.19 | 01.04.19 |
| 2 | 14, 29/1158 N | സക്കറിയ സി | 1000000 | 8000 | 200000 | - | 800000 | 96000 (1-4-20 മുതൽ 31-3-21 വരെ) | CR 25/ 08.12.17 | 01.04.18 മുതൽ |
| 3 | 15, 29/1158 P | പി വി അബ്ദുൾ ഖാദർ | 11,00,000 | 10,000 | 7,00,000 | - | 4,00,000 | 120000 (1-4-20 മുതൽ 31-3-21 വരെ) | CR 22/ 15.11.17 | 01.04.18 മുതൽ |
| 4 | 29/1158 A1 | അബ്ദുൾ അസീസ് എം പി | 5,50,000 | 6,000 | 3,00,000 | - | 2,50,000 | 72000 (1-4-20 മുതൽ 31-3-21 വരെ) | CR 25/ 08.12.17 | 01.04.18 മുതൽ |
| 5 | 16 A, 29/1158 U | പി കെ കൃഷ്ണൻ | 5,50,000 | 6,000 | 3,00,000 | - | 250000 | 72000 (1-4-20 മുതൽ 31-3-21 വരെ) | CR 25/ 08.12.17 | 01.04.18 മുതൽ |
| 6 | 29/1158 | കെ. | 3,90,000 | 4000 | - | - | 3,90,000 | 48000 | CR 11/ | 01.04.19 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | B 10 | പ്രകാശൻ | | | | | | (1-4-20 മുതൽ 31-3-21 വരെ) | 26.03.19 | |
| 7 | 29/1158 A11 | സക്കറിയ സി | 6,00,000 | 6,000 | 2,00,000 | - | 400000 | 72000 (1-4-20 മുതൽ 31-3-21 വരെ) | CR 25/ 08.12.17 | 01.04.18 മുതൽ |
| 8 | 29/1158 B6 | " | 4,00,000 | 4,000 | 2,00,000 | - | 200000 | 48000 (1-4-20 മുതൽ 31-3-21 വരെ) | CR 25/ 08.12.17 | 01.04.18 മുതൽ |
| 9 | 29/1158 B3 | റെജികുമാർ ഒ കെ | 300000 | 5,000 | - | - | 300000 | 60000 (1-4-20 മുതൽ 31-3-21 വരെ) | CR 11/ 26.03.19 | 01.04.18 മുതൽ |
| 10 | 29/1158 B22 | സെക്രട്ടറി, പ്രസ്സ് ഫോറം | 25,000 | 2000 | 25,000 | - | - | 24000 (1-4-20 മുതൽ 31-3-21 വരെ) | CR 3/ 09.11.16 | 01.04.18 മുതൽ |
| 11 | 29/1158 B2 | റെജികുമാർ ഒ കെ | 2,50,000 | 6500 | 2,50,000 | - | - | 78000 (1-4-20 മുതൽ 31-3-21 വരെ) | CR 11/ 26.03.19 | 01.04.19 |
| 12 | 29/1158 B5 | റെജികുമാർ ഒ കെ | 350000 | 3500 | 265000 | - | 85000 | 42000 (1-4-20 മുതൽ 31-3-21 വരെ) | CR 11/ 26.03.19 | 01.04.19 |
| 13 | 29/1158 B7 | റെജികുമാർ ഒ കെ | 4,00,000 | 4000 | 200,000 | - | 200000 | 48000 (1-4-20 മുതൽ 31-3-21 വരെ) | CR 11/ 26.03.19 | 01.04.19 |
| 14 | 57, 29/1158 B15 | റെജികുമാർ ഒ കെ | 2,00,000 | 3,000 | 1,00,000 | - | 100000 | 36000 (1-4-20 മുതൽ 31-03-21 വരെ) | CR 11/ 26.03.19 | 01.04.19 |
| 15 | 29/1158 C1 | അഷ്റഫ് കെ | 4,00,000 | 4000 | 4,00,000 | - | - | 36000 (1-4-20 മുതൽ 31-12-21 വരെ) | CR 25/ 25.02.20 | 01.04.20 മുതൽ |
| 16 | 29/1158 A 13 | സി. പി. നാരായണൻ | 4,00,000 | 4000 | - | | 4,00,000 | 48000 (1-4-20 മുതൽ 31-3-21 വരെ) | CR 11/ 26.03.19 | 01.04.19 |
| 17 | 29/1158 V | മുഹമ്മദ്. കെ | 605000 | 6100 | 500000 | | 105000 | 73200 (1-4-20 മുതൽ | CR 6/ 26.04.18 | 01.04.18 മുതൽ |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | 31-3-21 വരെ) | | |
| 18 | 29/1158 B 19 | മുഹമ്മദ്. റാഷിദ് | 225000 | 2500 | 500000 | | 225000 | 30000 (1-4-20 മുതൽ 31-3-21 വരെ) | CR 6/ 26.04.18 | 01.04.18 മുതൽ |
| 19 | 29/1158 B 18 | മുഹമ്മദ്. റാഷിദ് | 150000 | 2000 | - | | 150000 | 24000 (1-4-20 മുതൽ 31-3-21 വരെ) | CR 6/ 26.04.18 | 01.04.18 മുതൽ |
| 20 | 29/1158 B 17 | മുഹമ്മദ്. റാഷിദ് | 150000 | 2000 | 500000 | | 150000 | 24000 (1-4-20 മുതൽ 31-3-21 വരെ) | CR 6/ 26.04.18 | 01.04.18 മുതൽ |
| ആകെ | | | | | | | | 12,91,200 | | |

മേൽപ്പറഞ്ഞ കൈവശക്കാരിൽ നിന്നും വാടകയും ബാക്കിയുള്ള ഡെപ്പോസിറ്റ് തുകയും പിഴപ്പലിശ സഹിതം ഒടുക്കിയതിന്റെയും ഒഴിഞ്ഞുകിടക്കുന്ന മുറികൾ പുനർലേലം ചെയ്തതിന്റെയും മുറികൾ ലേലംകൊണ്ട കൈവശക്കാരുമായി നഗരസഭ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(14/24.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മുറികൾ ലേലം കൊണ്ട 90% വരുന്ന കൈവശക്കാരുമായി നഗരസഭ കരാറിലേർപ്പെട്ടിട്ടില്ല. കൈവശക്കാരുമായി കരാറിലേർപ്പെടാൻ ശ്രദ്ധിക്കേണ്ടതാണ്. കുടിശ്ശികക്കാരിൽ നിന്നും മുഴുവൻ തുകയും പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.

C. ഓഡിറ്റിന് സമർപ്പിച്ച ലേലക്കരാർ വ്യവസ്ഥകൾ പ്രകാരം (R2 495/18 തിയ്യതി 12.02.19) ലേലം/ടെണ്ടർ കൂടുതൽ സംഖ്യ വിളിച്ച് താൽക്കാലികമായി സ്ഥിരപ്പെടുത്തിയ ഉടനെ ലേല സംഖ്യയുടെ മൂന്നിൽ ഒരു ഭാഗം ഡെപ്പോസിറ്റ് ചെയ്യേണ്ടതും കൗൺസിൽ അംഗീകാരത്തിന് വിധേയമായി മുപ്പത് ദിവസത്തിനകം മുഴുവൻ തുകയും ഫണ്ടിൽ ഒടുക്കി കരാർ ഒപ്പിട്ട് മുറിയുടെ താക്കോൽ വാങ്ങിക്കാത്ത പക്ഷം ടി ലേലം റദ്ദ് ചെയ്യാവുന്നതുമാണ്. താഴെപ്പറയുന്നവർക്ക് CR NO.11 തിയ്യതി 26.03.2019 കൗൺസിൽ തീരുമാന പ്രകാരം മുറികൾ അനുവദിച്ച് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും ഡെപ്പോസിറ്റ് തുകയും വാടകയും അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | റൂം നമ്പർ, ഡോർ നമ്പർ | ലേലം കൊണ്ട വ്യക്തി | നിശ്ചയിച്ച വാടക/ ഡെപ്പോസിറ്റ് | | ഒടുക്കിയ വാടക / ഡെപ്പോസിറ്റ് | | ബാക്കി | |
|---|---|---|---|---|---|---|---|---|
| | | | ഡെപ്പോ സിറ്റ് | വാടക | ഡെപ്പോ സിറ്റ് | വാടക | ഡെപ്പോ സിറ്റ് | വാടക |
| 1 | 5, 29/1158 D | റെജികുമാർ ഒ കെ | 2000000 | 20000 | - | - | 2000000 | 480000 4/19 മുതൽ 3/21 വരെ) |
| 2 | 29/1158 B 10 | കെ. പ്രകാശൻ | 3,90,000 | 4000 | - | - | 3,90,000 | 96000 4/19മുതൽ 3/21 വരെ) |
| 3 | 29/1158 A 13 | സി. പി. നാരായണൻ | 4,00,000 | 4000 | - | | 4,00,000 | 96000 4/19 മുതൽ 3/21 വരെ) |
| 4 | 29/1158 B3 | റെജികുമാർ ഒ കെ | 300000 | 5,000 | - | - | 300000 | 100000 8/19 മുതൽ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | 3/21 വരെ |
| ആകെ | | | | | | | | 7,72,000 |

ഡെപ്പോസിറ്റ് തുകയും വാടകയും ഈടാക്കുവാൻ സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (17/24.12.21) മറുപടി നല്കിയിട്ടില്ല. കുടിശ്ശികക്കാരിൽ നിന്നും മുഴുവൻ തുകയും പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.

## 1-18 കല്ലൂർ വ്യവസായ എസ്റ്റേറ്റിൽ പ്ലോട്ടുകൾ അനുവദിച്ച വ്യവസായ സംരംഭകരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല

മട്ടന്നൂർ നഗരസഭയിലെ കൊളാരി വില്ലേജിലെ 47/1സി, 47/2, 47/3 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട മൂന്നര ഏക്കർ ഭൂമി നഗരസഭ ഏറ്റെടുത്ത് 2.39 ഏക്കർ സ്ഥലത്ത് താഴെപ്പറയുന്നവർക്ക് വ്യവസായ സംരംഭം തുടങ്ങുന്നതിനായി പ്ലോട്ടുകൾ അനുവദിച്ച നല്കിയിട്ടുണ്ട്. പ്രസ്തുത വ്യവസായ എസ്റ്റേറ്റിന് വ്യവസായ വകുപ്പിന്റെ അനുമതി ലഭ്യമായിട്ടില്ല. സംരംഭകരുമായി നഗരസഭ കരാറിലേർപ്പെടുകയോ ഡെപ്പോസിറ്റ് തുക ഈടാക്കുകയോ ചെയ്യാതെയാണ് പ്ലോട്ടുകൾ അനുവദിച്ച് നൽകിയിട്ടുള്ളത്.

| ക്രമ നമ്പർ | ലേലം കൊണ്ട വ്യക്തി | ലേല തുക/ മാസ വാടക | ഒടുക്കിയ തുക | ബാക്കി |
|---|---|---|---|---|
| 1 | മാനേജിംഗ് ഡയറക്ടർ, TTA മാർക്കറ്റിംഗ് (പ്ലോട്ട് നം.1, 50സെന്റ് ) | 5000 | - | 60000 (2020 ഏപ്രിൽ മുതൽ മാർച്ച് 2021 വരെ) |
| 2 | ആയിപ്പുഴ പ്രദീപ് (പ്ലോട്ട് നം.G, 14സെന്റ് ) | 2333 | - | 27996 (ഏപ്രിൽ 2020 മുതൽ മാർച്ച് 2021 വരെ) |
| 3 | ഷബേഷ് (പ്ലോട്ട് നം.D, 12സെന്റ്) | 3010 | - | 36120 (ഏപ്രിൽ 2020 മുതൽ മാർച്ച് 2021 വരെ) |
| 4 | ലഷിജ ഉണ്ണികൃഷ്ണൻ (പ്ലോട്ട് നം.F, 13സെന്റ് ) | 3261 | - | 39132 (ഏപ്രിൽ 2020 മുതൽ മാർച്ച് 2021 വരെ) |
| 5 | പ്രനീഷ് കുമാർ. കെ. കെ (പ്ലോട്ട് നം.Q, 10സെന്റ് ) | 2508 | - | 30096 (ഏപ്രിൽ 2020 മുതൽ മാർച്ച് 2021 വരെ) |
| 6 | അനീഫ. കെ (പ്ലോട്ട് നം.C, 15സെന്റ് ) | 3763 | - | 45156 (ഏപ്രിൽ 2020മുതൽ മാർച്ച് 2021 വരെ) |
| 7 | സുമയ്യ. സി. കെ (പ്ലോട്ട് നം.R, 12 1/4സെന്റ്) | 3073 | - | 36876 (ഏപ്രിൽ 2020 മുതൽ മാർച്ച് 2021 വരെ) |
| 8 | പി. സുരേഷ് ബാബു (പ്ലോട്ട് നം.P, 50സെന്റ് ) | 2250 | - | 27000(ഏപ്രിൽ 2020 മുതൽ മാർച്ച് 2021 വരെ) |
| 9 | സുബിൻ ചന്ദ്രൻ (പ്ലോട്ട് നം.K, 13 ½ സെന്റ് ) | 3010 | - | 36120 (ഏപ്രിൽ 2020 മുതൽ മാർച്ച് 2021 വരെ) |
| 10 | ജിജേഷ്. വി. കെ (പ്ലോട്ട് നം.T, 50സെന്റ് ) | 8333 | - | 99996 |

| | | | | |
|---|---|---|---|---|
| | | | | (ഏപ്രിൽ 2020 മുതൽ മാർച്ച് 2021 വരെ) |
| ആകെ | | | | 4,38,492 |

മേല്പറഞ്ഞ എല്ലാ കൈവശക്കാരുമായും നഗരസഭ കരാറിൽ ഏർപ്പെട്ടതിന്റെയും ലേലം കൊണ്ടവർ ഡെപ്പോസിറ്റ് തുകയും വാടകയും ഒടുക്കിയതിന്റെയും പ്ലോട്ടുകൾ ലഭിക്കുന്ന ആൾക്ക് എത്ര വർഷത്തിന് ശേഷം ഏത് നിരക്കിലാണ് വാടക അധികം നിശ്ചയിച്ച് പുനർ പരിശോധിക്കുന്നത് എന്നതിന്റെയും വിശദവിവരം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (12/23.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്ലോട്ടുകൾ അനുവദിച്ച് നല്കുമ്പോൾ സംരംഭകരിൽ നിന്നും ഡെപ്പോസിറ്റ് തുക ഈടാക്കുന്നില്ല. വിവിധ പ്ലോട്ടുകൾ വാടകയ്ക്ക് നല്കുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. സംരംഭകരുമായി നഗരസഭ കരാറിലേർപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ ഭൂമി ഏറ്റെടുത്തതിന്റെയും സംരംഭകരെ തെരഞ്ഞെടുത്തതിന്റെയും വിശദാംശങ്ങൾ പരിശോധിക്കാനായിട്ടില്ല. ആയത് ഹാജരാക്കുകയും ബാക്കിയുള്ള പ്ലോട്ടുകൾ അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. മേൽ സംരംഭകരിൽ നിന്നും വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കേണ്ടതാണ്

## 1-19 വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കിയില്ല

മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി.15 ഷെഡ്യൂൾ പ്രകാരം വലിയ തുക നികുതിയിനത്തിലും ഫീസിനത്തിലും പിരിച്ചെടുക്കാൻ ബാക്കിയുള്ളതായുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

A. 2020-21 വർഷത്തെ വരവിനങ്ങളിലെ കുടിശ്ശിക

| ക്രമ നമ്പർ | ഇനം | കുടിശ്ശിക |
|---|---|---|
| 1 | വസ്തുനികുതി | 2307922 |
| 2 | തൊഴിൽ നികുതി (വ്യാപാരികൾ) | 112940 |
| 3 | ലൈസൻസ് ഫീ | 39990 |
| 4 | വാടക (From Civic Amenities) | 6711562 |
| 5 | വാടക (From Lease On Lands) | 411759 |
| 6 | സർവീസ് സെസ് | 204406 |
| 7 | മറ്റിനങ്ങൾ | 603815 |
| ആകെ | | 10392394 |

B. മുൻവർഷങ്ങളിലെ കുടിശ്ശിക

| ക്രമ നമ്പർ | ഇനം | കുടിശ്ശിക |
|---|---|---|
| 1 | വസ്തുനികുതി | 170409.60 |
| 2 | തൊഴിൽ നികുതി (വ്യാപാരികൾ) | 339960 |
| 3 | ലൈസൻസ് ഫീ | 758218 |
| 4 | വാടക(from Lease On Lands) | 1956492 |
| 5 | വാടക(from Civic Amenities) | 301643 |
| 6 | മറ്റിനങ്ങൾ | 5283459 |
| 7 | സർവീസ് സെസ് | 17041 |
| ആകെ | | 8827222.6 |

മേല്പറഞ്ഞ വരവിനങ്ങളിലൊന്നും തൻവർഷ വരവുകളുടേയും കുടിശ്ശികകളുടെയും ഡിമാന്റ് - കളക്ഷൻ - ബാലൻസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ധനകാര്യ പത്രികയിൽ ചേർത്ത ഡിമാന്റുകളുടേയും വരവുകളുടേയും കുടിശ്ശികകളുടേയും ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. മറ്റ് വരവിനങ്ങളായ വാടക, ലേലം, ഉരുവച്ചാൽ

ഡയാലിസിസ് സെന്റർ, വാതക ശ്മശാനം, ഉരുവച്ചാൽ വനിത ഹോസ്റ്റൽ, വളം നിർമ്മാണം, ആംബുലൻസ്, ലൈബ്രറി, പഴശ്ശി സ്മൃതി മന്ദിരം എന്നിവയുടെയൊന്നും കൃത്യമായ ഡിസിബി തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

2. നഗരസഭ കുടിശ്ശിക നിവാരണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികളും കുടിശ്ശിക പിരിച്ചെടുത്തതിന്റെ വിവരങ്ങളും ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 1 /17.12.21) മറുപടിയായി ലൈസൻസ് ഫീ കുടിശ്ശിക ഇനത്തിലെ ₹39990 യിൽ എൺപത് ശതമാനത്തോളം ഈടാക്കിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. മുഴുവൻ വരവിനങ്ങളുടെയും ഡിസിബി കൃത്യതയോടെ തയ്യാറാക്കുന്നതിനും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കുന്നതിനും ഈ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും നഗരസഭ കൗൺസിലിന്റെയും ശ്രദ്ധയിൽപെടുത്തുന്നു.

## 1-20 സെക്രട്ടറിയുടെ ശമ്പളം - സർക്കാരിലേയ്ക്ക് തിരികെ ഒടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3), കേരളാ സർവ്വീസ് റൂൾസ് പാർട്ട് 1 റൂൾ 146 എന്നിവ പ്രകാരം നഗരസഭാ സെക്രട്ടറി ഒരു സർക്കാർ ഉദ്യോഗസ്ഥൻ എന്നനിലയിൽ ശമ്പളവും അലവൻസുകളും ഒന്നാമതായി സംസ്ഥാന ഫണ്ടിൽ നിന്ന് കൊടുക്കേണ്ടതും ടിയാന്റെ സേവനം നഗരസഭയ്ക്കായി വിട്ടുനൽകിയിട്ടുള്ളതിനാൽ പ്രസ്തുത തുകകളും പെൻഷൻ അംശദാനവും മുനിസിപ്പാലിറ്റി തനതുഫണ്ടിൽ നിന്ന് മാസം തോറും തിരികെ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതുമാണ്. സെക്രട്ടറിയുടെ ശമ്പളവും, അലവൻസുകളും, പെൻഷൻ അംശദാനവും ഏത് കാലയളവ് വരെ സംസ്ഥാന ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടുണ്ടെന്നുള്ളതിന്റെ വിവരവും, അടവാക്കിയതിന്റെ വിശദാംശങ്ങളും, ഇനി സഞ്ചിത നിധിയിലേയ്ക്ക് ഒടുക്കാൻ ബാക്കിയുള്ള ശമ്പളത്തിന്റെയും അലവൻസുകളുടെയും വിശദാംശങ്ങളും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-22/27-12-2021) മറുപടി നല്കിയിട്ടില്ല. സെക്രട്ടറിക്ക് ശമ്പളവും അലവൻസുകളും അനുവദിച്ച ഇനത്തിൽ ഒടുക്കാൻ ബാക്കിയുള്ള തുക ഒടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 മുൻകൂറുകൾ സമയപരിധിക്കകം ക്രമീകരിക്കേണ്ടതാണ്

ധനകാര്യവകുപ്പിന്റെ 4-10-2011 ലെ ജി ഒ (പി) 419/2011/ഫിൻ നമ്പർ ഉത്തരവിൽ താൽക്കാലിക മുൻകൂറുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നും, അഡ്ജസ്റ്റ്മെൻറ് ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായി വിനിയോഗിക്കാത്ത മുൻകൂർ തുകയ്ക്ക് ഒരു വർഷത്തേക്ക് 18 % നിരക്കിൽ പലിശ ഈടാക്കണമെന്നും, നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ്മെൻറ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായി മുഴുവൻ തുകയും തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ സഹിതം ഈടാക്കണമെന്നും വ്യവസ്ഥയുണ്ട്. എന്നാൽ 2020-21 ൽ നൽകിയ താഴെ ചേർക്കുന്ന മുൻകൂറുകൾ നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ് ചെയ്യുകയോ, തിരിച്ചുപിടിക്കുകയോ ചെയ്യതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കിയെങ്കിലും അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ, തീയതി | തുക | തുക കൈ പ്പറ്റിയ വ്യക്തി | ആവശ്യം | ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 635-11/2020 16-11-2020 | 5,000 | നമിത നാരായണൻ, ജെ.എച്ച്.ഐ | നഗര സഭയുടെ കെ.എൽ-58 ബി-7075 വാഹനം അറ്റകുറ്റപ്പണി നടത്തുന്നതിന് മുൻകൂർ നല്കിയത്. | ബി2-9512/06 |
| 2 | 969-1/2021 20-1-2021 | 6,000 | നിധിന.കെ ഓവർസിയർ | മട്ടന്നൂർ നഗരസഭ വക കെട്ടിടം പൊളിച്ച് മാറ്റുന്നതിന് മുൻകൂർ നല്കിയത്. | എച്ച്-1-4732/19 |
| 3 | 1228-3/2021 22-3-2021 | 1,500 | ഷിജോയ്, ജെ.എച്ച്.ഐ | മട്ടന്നൂർ നഗരസഭയുടെ പുതിയ വാഹനത്തിന്റെ ബോഡി വർക്കിന് വാഹനം | ആർ-2-12502/20 |

| | | | | | |
|---|---|---|---|---|---|
| | | | | പെരുമ്പാവൂരിലെത്തിക്കുന്നതിന് യാത്രാ ചെലവ് ഇനത്തിൽ മുൻകൂർ നല്കിയത്. | |
| 4 | 1147-3 | 10,000 | രഞ്ജൻ റവന്യൂ ഇൻസ്പക്ടർ | നഗരസഭ വക വിവിധ വസ്തുക്കളുടെ പോക്കുവരവ് നടത്തി നികുതി അടവാക്കുന്നതിന് മുൻകൂർ നല്കിയത്. | ആർ-2-7493/15 |

മേൽ പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവു പ്രകാരം മുൻകൂറുകൾ അഡ്ജസ്റ്റ് ചെയ്യുകയോ, തിരിച്ചുപിടിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (29/28-12-2021) മറുപടി ലഭിച്ചിട്ടില്ല. മേൽ പരാമർശിച്ച മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ഭാവിയിൽ മുൻകൂറുകൾ സമയപരിധിക്കകം ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-22 അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് - തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേന്ദ്രസർക്കാരിന്റെ അപ്രന്റീസ് പ്രമോഷൻ സ്കീം രാജ്യത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി അപ്രന്റീസ് ട്രെയിനിംഗ് കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എല്ലാ അപ്രന്റീസ് ട്രെയിനികൾക്കും 2016 ഒക്ടോബർ മുതൽ സ്റ്റൈപന്റിന്റെ കൂടെ 25% പരമാവധി ₹1500 കേന്ദ്രസർക്കാർ നല്കുമെന്ന് വ്യവസായ പരിശീലന വകുപ്പിന്റെ 26-09-2016 ലെ എഫ്-1/21777/ 2016 നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 2019-20 വർഷം നഗരസഭയിൽ ഓവർസീയർ തസ്തികയിൽ അപ്രന്റീസ് ട്രെയിനിയായി നിയമിച്ചവർക്ക് പ്രതിമാസം ₹7000 വീതം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ 25 % പരമാവധി ₹1500 നഗരസഭക്ക് തിരികെ ലഭിക്കേണ്ടതാണ്. അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് നല്കിയ ഇനത്തിൽ 2020-21 വർഷം നഗരസഭ ആകെ ചെലവഴിച്ച തുകയുടേയും നഗരസഭക്ക് തിരികെ ലഭിക്കാനുള്ള തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-23/27-12-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് നല്കിയ ഇനത്തിൽ നഗരസഭക്ക് തിരികെ ലഭിക്കാനുള്ള തുക കണക്കാക്കി ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ഐ.കെ.എം വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 10/21, ഐ.കെ.എം വിഹിതം നല്കൽ |
| അടങ്കൽ | ₹5,00,000 വികസന ഫണ്ട് |
| ചെലവ് | ₹5,00,000 |
| ബിൽ നമ്പർ & തീയ്യതി | 20/2020-21, 27-10-2020 |

മേൽ പ്രോജക്ട് പ്രകാരം ₹5,00,000 ഐ.കെ.എം.ന് കൈമാറിയിട്ടുണ്ട്. എന്നാൽ ഐ.കെ.എം.ൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോ എന്നറിയിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-39/29-12-2021) സെക്രട്ടറി മറുപടി നല്കിയിട്ടില്ല. ഐ.കെ.എം.ൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-24 വയോമിത്രം പദ്ധതി- കൈപ്പറ്റ് രസീതിയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 15/21 വയോമിത്രം പദ്ധതി |
| അടങ്കൽ | ₹10,00,000 വികസന ഫണ്ട്-പൊതു വിഭാഗം |
| ചെലവ് | ₹10,00,000 ബിൽ നമ്പർ/തീയ്യതി : 5/20-21/4-6-2020 |

വയോമിത്രം പദ്ധതിയുടെ 2020-21 വർഷത്തെ നഗരസഭാ വിഹിതമായി ₹10,00,000 സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.70101140000134) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രസീതിയും, തുകയുടെ വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനക്കായി ലഭ്യമാക്കണമെന്നും, വയോമിത്രം പദ്ധതിയുടെ ഭാഗമായി മട്ടന്നൂർ നഗരസഭയിൽ 2020-21 സാമ്പത്തിക വർഷം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയതെന്നും, വയോമിത്രം പദ്ധതി പ്രവർത്തനങ്ങൾ നഗരസഭ മോണിറ്റർ ചെയ്യാറുണ്ടോ എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-13/24-12-2021) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രസീതിയും വിനിയോഗ സാക്ഷ്യപത്രവും പരിശോധനക്കായി ലഭ്യമാക്കേണ്ടതും വയോമിത്രം പദ്ധതി പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്ത് വയോജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-25 ആധുനിക അറവുശാലക്ക് സ്ഥലമെടുപ്പ് - രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹41,92,000- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 416/21 ആധുനിക അറവുശാലക്ക് സ്ഥലമെടുപ്പ് |
| അടങ്കൽ | ₹50,00,000 തനത് ഫണ്ട് |
| ചെലവ് | ₹21,32,000 വൗച്ചർ നമ്പർ/തീയ്യതി : 890-1/2020, 04-01-2021<br>₹20,60,000 വൗച്ചർ നമ്പർ/തീയ്യതി : 996-1/2021, 28-01-2021<br>ആകെ : ₹41,92,000 |
| ഫയൽ നമ്പർ | ആർ.2-9824/18 |

ആധുനിക മാംസ സംസ്കരണശാല നിർമ്മിക്കുന്നതിനായി മേൽ പ്രോജക്ട് പ്രകാരം ഇരിട്ടി താലൂക്ക്, പഴശി അംശം, കുഴിക്കൽ ദേശം, റീസർവേ നം 70/4 ൽ പെട്ട 52 സെന്റ് സ്ഥലം ശ്രീ. മുഹമ്മദലി എന്നവരിൽ നിന്നും സെന്റിന് ₹41,000 നിരക്കിൽ ₹21,32,000 യ്ക്കും ഇതേ റീസർവേ നമ്പറിൽ പെട്ട 51.5 സെന്റ് സ്ഥലം ശ്രീമതി. തസ്ലീമ എന്നവരിൽ നിന്നും സെന്റിന് ₹40,000 നിരക്കിൽ ₹20,60,000 യ്ക്കും നഗരസഭ വാങ്ങിയിട്ടുണ്ട്. ഈ പ്രോജക്ടുമായി ബന്ധപ്പെട്ട ആർ.2-9824/18 നമ്പർ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. 2000- ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3 ൽ 3 എ പ്രകാരം വാങ്ങുവാൻ ഉദ്ദേശിക്കുന്ന നിർദ്ദിഷ്ട വസ്തു നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്ന്, നഗരസഭയുടെ സംഗതിയിൽ, മുനിസിപ്പൽ ഹെൽത്ത് ഓഫീസറുടെ, അല്ലെങ്കിൽ ടിയാന്റെ അഭാവത്തിൽ ആരോഗ്യ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുയോജ്യതാ സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല.

2. വസ്തു ആർജ്ജിക്കലുമായി ബന്ധപ്പെട്ട് 2000 - ലെ കേരള മുനിസിപ്പാലിറ്റി ( വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ആർജ്ജിക്കാൻ ഉദ്ദേശിക്കുന്ന വസ്തുവിന്റെ ഉടമസ്ഥാവകാശം ജില്ലാ ഗവൺമെന്റ് പ്ലീഡറെ കൊണ്ട് പരിശോധിപ്പിച്ച് ഉടമസ്ഥന് നിർദ്ദിഷ്ട വസ്തുവിന്മേൽ ശരിയായ ഉടമസ്ഥാ-കയ്യൊഴിക്കൽ അവകാശം ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ ഫയലിൽ ഇതു സംബന്ധിച്ച രേഖകളൊന്നും ഇല്ല.

3. വാങ്ങിയ ഭൂമി ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

4. ആധുനിക മാംസ സംസ്കരണ ശാല നിർമ്മാണവുമായി ബന്ധപ്പെട്ട് നഗരസഭ സ്വീകരിച്ച തുടർ നടപടികളെന്തൊക്കെയാണെന്ന് വ്യക്തമല്ല.

മേൽ വിവരങ്ങൾ/രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-18/27-12-2021) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ഈ ഇനത്തിലുള്ള ₹41,92,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-26 എസ്.സി ഫ്ലാറ്റിന് സ്ഥലം വാങ്ങൽ- അപാകങ്ങൾ പരിഹരിച്ചിട്ടില്ല – ₹28,84,345 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
|---|---|---|
| പ്രോജക്ട് നമ്പർ/ പേര് | 150/21,<br>എസ്.സി ഫ്ലാറ്റിന് സ്ഥലം വാങ്ങൽ | 359/21,<br>എസ്.സി ഫ്ലാറ്റിന് സ്ഥലം<br>വാങ്ങൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹11,39,100 വികസനഫണ്ട് SCP<br>₹1,60,000 തനത് ഫണ്ട്<br>₹13,00,000 ആകെ | ₹17,45,245 വികസന ഫണ്ട് SCP<br>₹10,00,000 തനത് ഫണ്ട്<br>₹27,45,245 ആകെ |
| ചെലവ് | ₹11,39,100 | ₹17,45,245 വികസനഫണ്ട് |
| ബിൽ നമ്പർ & തീയ്യതി | 32/06-02-2021 | 18/2020-21 / 12-10-2020 |
| ഫയൽ നമ്പർ | ആർ 2-250/18 | ആർ 2-250/18 |

നഗരസഭ കൗൺസിലിന്റെ 08 -02 -2018 ലെ 8 / 2017-18 നമ്പർ തീരുമാന പ്രകാരം വാങ്ങാൻ തീരുമാനിച്ച ശ്രീ. സി റഫീക്ക് , ശ്രീമതി. സി പാത്തുമ്മ, ശ്രീ.സി അബ്ദുൾ റഷീദ് , ശ്രീ. സി സഹീർ , ശ്രീ. സി ഷമീർ , ശ്രീമതി. സി റുബീന, ശ്രീ.സി മുഹമ്മദ് ബഷീർ എന്നിവരുടെ പേരിലുള്ള 1 ഏക്കർ 30 സെന്റ് ഭൂമിയിൽ 60 സെന്റ് സ്ഥലം 31-03-2018 ന് മട്ടന്നൂർ സബ് രജിസ്ട്രാർ ഓഫീസിലെ ആധാരം നമ്പർ 851/2018 തീയതി, 31-03-2018 പ്രകാരം നഗരസഭ സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് വാങ്ങിയിരുന്നു. ബാക്കിയുള്ള 65 സെന്റ് സ്ഥലം 01-10-2020 ന് മട്ടന്നൂർ സബ് രജിസ്ട്രാർ ഓഫീസിലെ ആധാരം നമ്പർ 1461/2020 തീയതി, 01-10-2020 പ്രകാരം മുനിസിപ്പാലിറ്റി രജിസ്റ്റർ ചെയ്തു വാങ്ങിയിട്ടുണ്ട്. ഭൂമിയുടെ വില ഇനത്തിൽ മേൽ പ്രോജക്ടുകൾ പ്രകാരം ₹28,84,345 (11,39,100+17,45,245 ) ശ്രീ. സി റഫീക്കിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിന് ഫ്ലാറ്റ് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങൽ പ്രോജക്ട് നിർവഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടെന്ന് മട്ടന്നൂർ നഗരസഭയുടെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (നം-കെ.എസ്.എ/കെ.എൻ.ആർ സി.16/1789/2019, തീയതി 22-01-2020) ഖണ്ഡിക 1-21 ൽ പരാമർശിച്ചിട്ടുണ്ട്.

1) വാങ്ങുവാൻ ഉദ്ദേശിക്കുന്ന നിർദ്ദിഷ്ട വസ്തു നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്ന് മുനിസിപ്പൽ ഹെൽത്ത് ഓഫീസറുടെ, അല്ലെങ്കിൽ ടിയാന്റെ അഭാവത്തിൽ ആരോഗ്യ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുയോജ്യതാ സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കേണ്ടതാണെന്ന 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3-ൽ 3 എ യിലെ വ്യവസ്ഥ പാലിച്ചിട്ടില്ല. വാങ്ങുവാൻ ഉദ്ദേശിക്കുന്ന നിർദ്ദിഷ്ട വസ്തു നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്നുള്ള മുനിസിപ്പൽ എൻജിനീയറുടെ സാക്ഷ്യപത്രം വാങ്ങിക്കേണ്ടതാണെന്ന മേൽ ചട്ടങ്ങളിലെ ചട്ടം 3 ൽ 3 ബി യിലെ വ്യവസ്ഥ/യും പാലിച്ചിട്ടില്ല.

2) ആർജ്ജിക്കാൻ ഉദ്ദേശിക്കുന്ന വസ്തുവിന്റെ ഉടമസ്ഥാവകാശം ജില്ലാ ഗവൺമെന്റ് പ്ലീഡറെ കൊണ്ട് പരിശോധിപ്പിച്ച് ഉടമസ്ഥന് നിർദ്ദിഷ്ട വസ്തുവിന്മേൽ ശരിയായ ഉടമസ്ഥാ-കയ്യൊഴിക്കൽ അവകാശം ഉണ്ടെന്ന് ഉറപ്പു വരുത്തണമെന്ന മേൽ ചട്ടങ്ങളിലെ ചട്ടം 5ലെ വ്യവസ്ഥ പാലിച്ചിട്ടില്ല.

3) ജില്ലാ കളക്ടർ നിശ്ചയിച്ച ഭൂമി വിലയുടെ 30 % തുക സെലെഷ്യം ആയി അധികം നൽകിയാണ് നഗരസഭ ഭൂമി വാങ്ങിച്ചത്. എന്നാൽ ഇത്തരത്തിൽ ഭൂമി വാങ്ങുന്നതിനു മുനിസിപ്പൽ കൗൺസിലിന്റെ ഐകകണ്ഠമായ തീരുമാനം വേണം. എന്നാൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

4) ലൈഫ് മിഷൻ പദ്ധതി പ്രകാരവും ആശ്രയ പദ്ധതി പ്രൊജക്റ്റ് പ്രകാരവും നഗരസഭയിൽ പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ട ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾ ആരും ഇല്ല എന്നിരിക്കെ പട്ടികജാതി വിഭാഗത്തിന് ഫ്ലാറ്റ് നിർമ്മിക്കുന്നതിന് ഭൂമി വാങ്ങിച്ചതിന്റെ യുക്തി എന്താണെന്നു വ്യക്തമാവുന്നില്ല.

5) ലൈഫ് മിഷൻ പദ്ധതി പ്രകാരവും ആശ്രയ പദ്ധതി പ്രൊജക്റ്റ് പ്രകാരവും നഗരസഭയിൽ ആകെ 53 (LIFE = 52 + Ashraya=1= 53) ജനറൽ വിഭാഗത്തിൽപെട്ട ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾ ഉണ്ടായിരുന്നിട്ടും ഇക്കാര്യം

കണക്കിലെടുത്തു ഭവനസമുച്ചയം നിർമ്മിച്ച് നല്കാൻ മേൽപ്പറഞ്ഞ സ്ഥലം വികസന ഫണ്ട് ജനറൽ ഉപയോഗിച്ച് വാങ്ങിയിരുന്നുവെങ്കിൽ ജനറൽ വിഭാഗം ഗുണഭോക്താക്കൾക്ക് അത് ഉപയുക്തമാകുമായിരുന്നു എന്നുള്ള കാര്യം നഗരസഭ പരിഗണിച്ചതായി കാണുന്നില്ല.

6) വിവിധ വർഷങ്ങളിൽ എസ് സി ലക്ഷം വീട് പദ്ധതി , വിവിധ എസ് സി ഭവന നിർമ്മാണ പദ്ധതികൾ എന്നിവക്കായി നൽകിയിട്ടുള്ള സ്ഥലം വീട് വയ്ക്കാതെ ഉപയോഗശൂന്യമായി കിടക്കുകയാണെന്നും ഇത്തരത്തിൽ തരിശായി കിടക്കുന്ന ഭൂമി കണ്ടെത്തി അത് അവരിൽ നിന്നും തിരികെ വാങ്ങി വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറുന്ന കാര്യം നഗരസഭ ഗൗരവപൂർവ്വം പരിഗണിക്കണമെന്ന് നഗരസഭയുടെ 2018-19 വർഷത്തെ അന്തിമ പദ്ധതി രേഖയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാതെ പദ്ധതി കാലയളവ് അവസാനിക്കുന്ന മാത്രയിൽ തിടുക്കപ്പെട്ട് വികസന ഫണ്ട് ( പദ്ധതി പണം ലാപ്സ് ആവുന്നത് ഒഴിവാക്കാൻ) ചെലവഴിക്കുന്ന രീതിയാണ് നഗരസഭ സ്വീകരിച്ചിട്ടുള്ളത് എന്നാണ് വ്യക്തമാകുന്നത്.

7) ആധാരത്തിൽ വിവരിച്ച പ്രകാരം ഭൂമിയുടെ തരം സ്ഥിരപുഞ്ച ആണ് . നിലവിൽ വസ്തു നീർത്തട ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല എങ്കിലും വസ്തുവിൽ കെട്ടിട നിർമ്മാണം സാധ്യമാണോ എന്നുള്ള വിവരം ലഭ്യമല്ല.

ഫയൽ (ഫയൽ നമ്പർ-ആർ 2-250/18) പരിശോധിച്ചതിൽ പ്രസ്തുത അപാകങ്ങൾ പരിഹരിച്ചതായി കാണുന്നില്ല. അപാകങ്ങൾ പരിഹരിക്കാതെ ബാക്കിയുള്ള ഭൂമിയുടെ വില അനുവദിച്ചത് ശരിയായ നടപടിയല്ല. മാത്രമല്ല തൻവർഷം പ്രോജക്ട് നം 359/21 പ്രകാരം ട്രഷറിയിൽ നിന്നും തുക പിൻവലിച്ച ട്രഷറി ബിൽ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-40/29-12-2021) മറുപടി നല്കിയിട്ടില്ല. ആവശ്യമായ രേഖകൾ/വിശദീകരണം എന്നിവയുടെ അഭാവത്തിൽ ചെലവ് തുകയായ 2884345 (1139100+ 1745245) തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ/വിശദീകരണം എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 വെള്ളക്കരം ഒടുക്കൽ- സംയുക്ത പരിശോധന നടത്തേണ്ടതാണ്.

ഒരു പൊതു വാട്ടർ ടാപ്പിന് പ്രതിവർഷം ₹7884 നിരക്കിൽ 190 പൊതു വാട്ടർ ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ നഗരസഭ പ്രതിമാസം ₹1,24,830 കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കി വരുന്നുണ്ട്. ഉപയോഗിച്ച് കൊണ്ടിരിക്കുന്ന പൊതുടാപ്പുകളുടെ വെള്ളക്കരം മാത്രമാണ് ഒടുക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിന് പ്രവർത്തന ക്ഷമമായ വാട്ടർടാപ്പുകളുടെ യഥാർത്ഥ എണ്ണം കണക്കാക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായിചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ഇതിനായി നഗരസഭ സ്വീകരിച്ച നടപടികൾ അറിയിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-19/27-12-2021) മറുപടി നല്കിയിട്ടില്ല. വെള്ളക്കരം ഒടുക്കുന്നതുമായി ബന്ധപ്പെട്ട നഗരസഭയിലെ ആർ 2-3615/07 വാല്യം 11 ഫയൽ പരിശോധിച്ചതിൽ എവിടെയൊക്കെയാണ് പൊതു വാട്ടർ ടാപ്പുകൾ സ്ഥാപിച്ചതെന്ന് രേഖപ്പെടുത്തിയ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ലെന്ന് വ്യക്തമായിട്ടുണ്ട്. പ്രവർത്തന ക്ഷമമായ വാട്ടർടാപ്പുകളുടെ യഥാർത്ഥ എണ്ണം കണക്കാക്കുന്നതിനായി സംയുക്ത പരിശോധന നടത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 21-04-2018 നഗരസഭ നല്കിയ ആർ 2-3615/07 നമ്പർ കത്തിന് വാട്ടർ അതോറിറ്റി അസി.എഞ്ചിനീയർ നല്കിയ മറുപടിയിൽ (KWA/SEC/MTR/2886/2015,തീയതി 23-05-2018) പ്രവർത്തന ക്ഷമമല്ലാത്ത പൊതു വാട്ടർ ടാപ്പുകൾ നന്നാക്കാവുന്നതാണെന്ന് അറിയിക്കുകയും, നഗരസഭാ പരിധിയിൽ സ്ഥാപിച്ച പൊതു ടാപ്പുകളുടെ ലിസ്റ്റ് ആയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഈ ലിസ്റ്റ് പ്രകാരമുള്ള പൊതു വാട്ടർ ടാപ്പുകളിൽ പ്രവർത്തനക്ഷമമായവയുടെ വിവരം ശേഖരിക്കുന്നതിന് കൗൺസിലർമാരെ ചുമതലപ്പെടുത്തുകയും എന്നാൽ ലിസ്റ്റ് പ്രകാരമുള്ള പല ടാപ്പുകളും കണ്ടെത്താൻ സാധിക്കാത്തതിനാൽ വിശദ പരിശോധന നടത്താൻ ഓവർസിയർമാരെ ഉൾപ്പടുത്തി ഒരു ടീം രൂപീകരിച്ച് വിവരം ശേഖരിക്കുകയും ചെയ്തു. സംയുക്ത പരിശോധന നടത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നഗരസഭ 14-09-2018,30-10-2019 എന്നീ തീയതികളിലും വാട്ടർ അതോറിറ്റിക്ക് കത്ത് നല്കിയിട്ടുണ്ടെങ്കിലും ഇതേവരെ സംയുക്ത പരിശോധന നടന്നിട്ടില്ല. 09-12-2021 ന് നഗരസഭ സെക്രട്ടറി കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ച കത്തിൽ 117 പൊതുടാപ്പുകളാണ് കണ്ടെത്താൻ സാധിച്ചതെന്നും ഇതിൽ 6 എണ്ണം ഡിസ്കണക്ട് ചെയ്തിട്ടുള്ളതും 18 എണ്ണത്തിൽ വെള്ളം ലഭ്യമല്ലാത്തതാണെന്നും ആയതിനാൽ ആകെ 93 പൊതു വാട്ടർ ടാപ്പുകളുടെ ബിൽ ഒടുക്കാൻ മാത്രമാണ് നഗരസഭക്ക് ബാധ്യത എന്ന് അറിയിച്ചിട്ടുണ്ട്. ഇതു പ്രകാരം 97 (190-93) വാട്ടർ ടാപ്പുകളുടെ തുക അധികമായി ഒടുക്കുക വഴി നഗരസഭക്ക് പ്രതിമാസം ₹63729 (97x7884/12) ടെ അധിക ചെലവ് വരുന്നുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വാട്ടർ ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്ന ഇനത്തിലുള്ള അധിക ചെലവ് ഒഴിവാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനായി ഈ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-28 സമഗ്ര വിദ്യാഭ്യാസ പരിപാടി (സ്പിൽ ഓവർ)- രേഖകൾ ഹാജരാക്കിയില്ല.₹646500യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്. മട്ടന്നൂർ |

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ, പേര് | 211/21, സമഗ്ര വിദ്യാഭ്യാസ പരിപാടി |
| അടങ്കൽ | ₹ 6,46,500 വികസന ഫണ്ട് - ജനറൽ |
| ചെലവ് | ₹1,50,000<br>ബിൽ നമ്പർ/തീയ്യതി : 1/20-21/21-4-2020<br>₹4,96,500<br>ബിൽ നമ്പർ/തീയ്യതി : 2/20-21/21-4-2020<br>ആകെ : ₹6,46,500 |

A. മട്ടന്നൂർ നഗരസഭയിലെ 20 വിദ്യാലയങ്ങളിലെയും വിദ്യാർത്ഥികളെ പഠന പാഠ്യേതര മേഖലയിൽ കഴിവുള്ളവരായി മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് സമഗ്ര വിദ്യാഭ്യാസ പരിപാടി നടത്തി വരുന്നത് (78/20 നമ്പർ പ്രോജക്ടിന്റെ സ്പിൽ ഓവർ പ്രോജക്ട്). പരിപാടിയുടെ ഭാഗമായി മധുസൂദനൻ തങ്ങൾ സ്മാരക ഗവ. യു.പി. സ്കൂളിലെ 50 കുട്ടികൾക്ക് കളരി പരിശീലനം നല്കുന്നതിന്റെ ഭാഗമായി ₹ 1,50,000 പിൻവലിച്ച്, കളരി പരിശീലിക്കുന്ന കുട്ടികൾക്ക് ഭക്ഷണം നല്കിയ വകയിൽ ശ്രീ. എ കെ ശ്രീധരൻ എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് (സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, അക്കൗണ്ട് നമ്പർ 6713746549) ₹ 75,000യും കളരി പരിശീലകനായ ശ്രീ. സുനിൽ കുമാർ കെ യുടെ അക്കൗണ്ടിലേക്ക് (എസ് ബി ഐ, 67137465498) ₹ 75,000യും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ചെലവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. കളരി പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് തന്നെയാണോ പരിശീലനം ലഭിച്ചതെന്ന് വ്യക്തമല്ല.

2. 50 കുട്ടികൾക്ക് 5 മാസക്കാലം ലഘു ഭക്ഷണം നല്കിയ വകയിൽ ശ്രീ. എ കെ ശ്രീധരൻ എന്ന വ്യക്തിക്ക് ₹75,000 നല്കിയിട്ടുണ്ട്. ടിയാനെ ഭക്ഷണ വിതരണത്തിന് ചുമതലപ്പെടുത്തിയതിന്റെ രേഖകളും ₹75,000 യുടെ ബില്ലും ചെലവുതുകയ്ക്ക് ബാങ്ക് അക്കൗണ്ട് നമ്പർ സഹിതം ടിയാൻ സമർപ്പിച്ച അപേക്ഷയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഹാജർ പട്ടിക പ്രകാരം 61 കുട്ടികൾ വരെ പരിശീലന പരിപാടിയിൽ പങ്കെടുത്തിട്ടുണ്ട്. പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്കുവേണ്ടി പ്രദർശനം സംഘടിപ്പിച്ചതിന്റെയും വിജയകരമായി പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കളരി പരിശീലന പരിപാടി കുട്ടികൾക്ക് പ്രയോജനപ്രദമായിരുന്നോ എന്ന് വ്യക്തമല്ല.

4. കടത്തനാടൻ വിഭാഗത്തിലാണ് കുട്ടികൾക്ക് പരിശീലനം നല്കിയത് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ടെങ്കിലും ഇത് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല .

B. നഗരസഭയിലെ 20 വിദ്യാലയങ്ങളിലെ ഇംഗ്ലീഷ്, കണക്ക് വിഷയങ്ങളിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിനും അതുവഴി അവരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുമാണ് ഹരിശ്രീ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ 19 പേരുടെ അക്കൗണ്ടുകളിലേക്ക് ₹23,000 വീതവും രണ്ടുപേർക്ക് ₹9,500 ₹50,000 വീതവും ആകെ ₹4,96,500 മുകളിൽ ചേർത്ത ബിൽ പ്രകാരം പിൻവലിച്ച് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ജീനിയസ് ബുക്സ്, മട്ടന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും 20 സ്കൂളുകൾക്ക് ₹ 1100, ₹1400 വീതം വിലയുള്ള ഓരോ സെറ്റ് നോട്ട് ബുക്ക്, സ്റ്റേഷനറി സാധനങ്ങൾ വാങ്ങി നല്കിയ വകയിൽ (ഓരോ സ്കൂളിനും ₹2,500) സ്ഥാപന ഉടമ ശ്രീ. രമേഷ്ബാബു എം എന്ന വ്യക്തിയുടെ 67297888464 നമ്പർ എസ്.ബി ഐ അക്കൗണ്ടിലേക്ക് ₹50,000 ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ₹50,000 ചെലവഴിച്ച് സാധനങ്ങൾ വാങ്ങുമ്പോൾ സ.ഉ.(അച്ചടി) 259/10/LSGD, തീയതി 08-11-2010 പ്രകാരമുള്ള പ്രൊക്വയർമെന്റ് മാർഗ്ഗരേഖയിലെ (ഖണ്ഡിക 3.2, ക്രമ നം.2) ക്വട്ടേഷൻ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

2. 20 സ്കൂളുകളിലേയും പഠന പാഠ്യേതര വിഷയങ്ങളിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ കണ്ടെത്തിയതിന്റെയും ഇവർക്ക് ക്ലാസ്സുകൾ നല്കിയതിന്റെയും ശില്പശാലകൾ നടത്തിയതിന്റെയും ശില്പശാലകളും ക്ലാസ്സുകളും കൈകാര്യം ചെയ്തവരുടെയും വിവരങ്ങൾ, പരിപാടികളുടെ ഫോട്ടോകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. പദ്ധതിയുടെ ലക്ഷ്യം, നടത്തിപ്പ്, കുട്ടികളുടെ പഠന നിലവാരത്തിലുണ്ടായ നേട്ടങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

4. 20 പേരുടെ അക്കൗണ്ടുകളിലേക്ക് ശില്പശാലകളിൽ പങ്കെടുത്തതിന്റെയും വളണ്ടിയർ ആയി പ്രവർത്തിച്ചതിന്റെയും യാത്രാബത്തയിനത്തിൽ ₹23,000 വീതം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇവരെ വളണ്ടിയർമാരായി തെരഞ്ഞെടുത്തതിന്റെ രേഖകൾ ഇല്ല. 21 പേരും തുക ലഭിക്കുന്നതിനായി തിരിച്ചറിയൽ രേഖ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ സഹിതം അപേക്ഷ നല്കിയിട്ടില്ല. ആയതിനാൽ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണോ പണം ലഭിച്ചതെന്ന് വ്യക്തമല്ല.

5. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

മേല്പറഞ്ഞ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/21-12-2021) ലഭ്യമാക്കിയ മറുപടിയിൽ തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ ലിസ്റ്റ് ഹാജർ പട്ടികയിൽ രേഖപ്പെടുത്തിയതുകൊണ്ടാണ് പ്രത്യേകം നൽകാതിരുന്നത് എന്നും ഭക്ഷണം നൽകാൻ പി.ടി.എ.യെ ചുമതലപ്പെടുത്തിയതിനാലാണ് പ്രത്യേക ബില്ല് തയ്യാറാക്കാതിരുന്നതെന്നും മറ്റ് അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കും എന്നുമാണ് അറിയിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹6,46,500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 ബാലസഭ പ്രവർത്തനങ്ങൾ -അധികം ചെലവഴിച്ച ₹15,922 അംഗീകരിക്കുന്നില്ല ₹51,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| പ്രോജക്ട് നമ്പർ/പേര് | 213/21 ബാലസഭ പ്രവർത്തനങ്ങൾ (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 70087 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹ 66,922 ബിൽ നമ്പർ/തീയതി : 7/20-21/11-4-2020 |

2019-20 വർഷത്തെ ബാലസഭ പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിൽ (പ്രോജക്ട് നമ്പർ 91/20) ADS തലത്തിൽ ഒന്നാംസ്ഥാനം ലഭിച്ച പ്രതിഭകളെ പങ്കെടുപ്പിച്ചുകൊണ്ട് 29-12-2019 ന് CDS തല ബാലസഭ കലോത്സവം സംഘടിപ്പിക്കുകയും ഇതിനായി ₹49913 ചെലവഴിക്കുകയും ചെയ്തിരുന്നു. ഈ പ്രോജക്ടിൽ ADS തല കലാ-കായിക പരിശീലനവും പ്രദർശനവും നടത്തിയയിനത്തിൽ ചെലവായ ₹66922 യുടെ ബിൽ 2019-20 വർഷം കൃ ബില്ലായതിനാൽ തൻവർഷം സ്പിൽ ഓവർ പ്രോജക്ടായി നടപ്പാക്കുകയാണ് ചെയ്തത്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സ.ഉ.(കൈ) 22/18/ത.സ്വ.ഭ.വ, തീയതി 14-02-2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.17 പ്രകാരം ബാലസഭാപ്രവർത്തനങ്ങൾക്ക് വാർഡ് ഒന്നിന് ₹1,500 യും മുനിസിപ്പൽ തലത്തിൽ ₹50,000 യും ചെലവഴിക്കാനാണ് അനുമതിയുള്ളത്. എന്നാൽ മേല്പറഞ്ഞ സ്പിൽ ഓവർ പ്രോജക്ടിൽ 34 വാർഡിന് ₹51,000 ചെലവഴിക്കേണ്ടതിനു പകരം ₹66922 (34 വാർഡുകളിലെ ADS ചെലവ് - വാർഡ് 31 ൽ ചെലവ് ഉണ്ടായിരുന്നില്ല) ചെലവഴിച്ചിട്ടുണ്ട്. മാർഗ്ഗരേഖാ വ്യവസ്ഥകൾക്കു വിരുദ്ധമായി ₹15,922 അധികം ചെലവഴിച്ചിട്ടുണ്ട്.

2. പ്രോജക്ടിൽ ആകെ ചെലവഴിച്ച ₹116835 (49913 + 66922) മെമ്പർ സെക്രട്ടറിയുടെ അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. 34 വാർഡുകളിലെ ADS സെക്രട്ടറിമാർ തുക കൈപ്പറ്റിയതിന്റെ രശീത് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ചെലവായ തുക അനുവദിച്ചു കിട്ടുന്നതിനായി ഇവർ തിരിച്ചറിയൽ രേഖയും അക്കൗണ്ട് നമ്പരുമടക്കം അപേക്ഷ നൽകിയതിന്റെയും ഇവർക്ക് അക്കൗണ്ട് വഴിയോ ചെക്ക് മുഖേനയോ തുക കൈമാറിയതിന്റെയും വിവരങ്ങൾ ലഭ്യമല്ല.

3. 35 വാർഡുകളിൽ കലാ-കായിക പരിശീലനം നടത്തിയതിന്റെ രേഖകൾ ഇല്ല.

4. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

അപാകങ്ങൾ പരിഹരിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/28-12-2021) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രോജക്ട് പ്രകാരമുള്ള ചെലവു തുകയായ ₹66,922 യിൽ മാർഗ്ഗരേഖ വ്യവസ്ഥകൾക്കു വിരുദ്ധമായി ചെലവഴിച്ച ₹15,922 അംഗീകരിക്കുന്നില്ല, ₹51,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 തുടർ സാക്ഷരത പ്രവർത്തനം - രശീത് ഹാജരാക്കിയില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.യു.പി.സ്കൂൾ, മട്ടന്നൂർ. |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 26/21 തുടർ സാക്ഷരത പ്രവർത്തനം |
| അടങ്കൽ | ₹ 1,50,000 വികസന ഫണ്ട് - ജനറൽ |

| | |
|---|---|
| ചെലവ് | ₹ 1,38,750 ബിൽ നമ്പർ/തീയ്യതി : 5/20-21/6-3-2021 |

മട്ടന്നൂർ നഗരസഭയിലെ തുടർവിദ്യാ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 10 ാം തരം, +1 പഠിതാക്കളുടെ കോഴ്സ് ഫീസ് ജില്ലാ സാക്ഷരത മിഷനിൽ ഒടുക്കുന്നതിനായി നടപ്പിലാക്കിയതാണ് മേൽ പ്രോജക്ട്. 10-ാം തരം തുല്യതയുടെ 25 പഠിതാക്കളുടെയും ഹയർ സെക്കന്ററി വിഭാഗത്തിലെ 37 പഠിതാക്കളുടെയും രജിസ്ട്രേഷൻ ഫീസായി കേരള സംസ്ഥാന സാക്ഷരത മിഷന്റെ 57026996123 നമ്പർ എസ് ബി ഐ അക്കൗണ്ടിലേക്ക് ₹46,250 യും, 02880100113107 നമ്പർ യൂക്കോ ബാങ്ക് അക്കൗണ്ടിലേക്ക് ₹92,500 യും (ആകെ ₹1,38,750) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തുക കൈപ്പറ്റിയത് സംബന്ധിച്ച് സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും അനുവദിക്കുന്ന ഒറിജിനൽ രശീതി ഫയലിൽ സൂക്ഷിച്ചിട്ടില്ല. പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെയും കോഴ്സ് പൂർത്തിയാക്കിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സംസ്ഥാന സാക്ഷരത മിഷനിൽ നിന്നുള്ള രശീതിയും പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നേടിയതിന്റെയും രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-31 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ |
| പ്രൊജക്ട് നമ്പർ/പേര് | 202/21 (Spill Over) പ്രത്യേക കന്നുകുട്ടി പരിപാലനം. | 2/21 പ്രത്യേക കന്നുകുട്ടി പരിപാലനം. |
| അടങ്കൽ | ₹1562500 – വികസനഫണ്ട് ₹1562500 – ഗുണഭോക്തൃവിഹിതം ആകെ : ₹ 3125000 | ₹625000 - വികസനഫണ്ട് ₹625000 - ഗുണഭോക്തൃവിഹിതം ആകെ : ₹ 1250000) |
| ചെലവ് | ₹1562500 - വികസനഫണ്ട് | ₹625000 - വികസനഫണ്ട് |
| ബിൽ നമ്പർ / തീയ്യതി | 2/20-21/7-9-2020 | 6/20-21/3-12-2020 |

വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി ₹21,87,500 (1562500+625000) എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂരിന് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-32 അംഗൻവാടി പോഷകാഹാര വിതരണം- സാധനം വാങ്ങിയത് സ്റ്റോക്കിലെടുത്തില്ല - ചെലവു തുക ₹15,75,332 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ, പേര് | 6/21, അംഗൻവാടി പോഷകാഹാര വിതരണം |
| അടങ്കൽ | ₹50,00,000 (വികസന ഫണ്ട്, ജനറൽ) |
| | ₹15,00,000 (മറ്റുള്ളവ) |
| ആകെ | ₹65,00,000 |

| | |
|---|---|
| ചെലവ് | ₹ 49,99,176 വികസന ഫണ്ട്<br>₹ 13,48,933 മറ്റുള്ളവ |
| ആകെ | ₹ 63,48,109 |
| ബിൽ നമ്പർ, തീയതി | 1) ₹ 545515; 1/20-21, 30.06.2020<br>2) ₹495378; 2/20-21, 30.06.2020<br>3) ₹587251; 4/20-21, 29.07.2020<br>4) ₹44793; 5/20-21, 29.07.2020<br>5) ₹726411; 9/20-21, 25.08.2020<br>6) ₹295558; 10/20-21, 25.08.2020<br>7) ₹304382; 13/20-21, 14.10.2020<br>8) ₹ 1029817; 15/20-21, 25.11.2020<br>9) ₹ 306896; 17/20-21, 29.12.2020<br>10) ₹ 342380; 20/20-21, 23.01.2020<br>11) ₹ 304320; 23/20-21, 25.02.2021<br>12) ₹ 11397; 27/20-21, 18.03.2021<br>13) ₹ 5078; 34/20-21, 22.03.2021<br>14) ₹ 721396; ചെക്ക് നം.002081, 06.03.2021<br>15) ₹293952; ചെക്ക് നം.002081, 06.03.2021<br>16) ₹333585; ചെക്ക് നം.002083, 30.03.2021 |
| ആകെ | ₹6348109 |

മട്ടന്നൂർ നഗരസഭയിലെ 43 അംഗൻവാടികളിൽ പോഷകാഹാര വിതരണം നടത്തുന്നതിനായി തയ്യാറാക്കിയ മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിലുള്ള അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ബിൽ നമ്പർ 1/20-21, 30-06-2020 പ്രകാരം പിൻവലിച്ച ₹5,45,515 അരിയും പലവ്യഞ്ജനങ്ങളും വാങ്ങിയയിനത്തിൽ (ഇഷ്യൂ നമ്പർ 1302105/20301, Dt.30-05-2020) കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 16340200000406 നമ്പർ ഫെഡറൽ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത ബില്ലിൽ 1 കി.ഗ്രാം. തൂക്കം വരുന്ന 182 പാക്കറ്റ് മുത്താറി പൊടി (വില ₹11327.68) വാങ്ങിയിട്ടുണ്ട്. എന്നാൽ ഇത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തിയതിന്റെയും അംഗൻവാടി വർക്കർമാർ കൈപ്പറ്റിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ബിൽ നമ്പർ 15/20-21, തീയതി 25-11-20 പ്രകാരം പിൻവലിച്ച ₹1029817 യിൽ ₹288494 അനുഗ്രഹ ന്യൂട്രിമിക്സ് യൂണിറ്റിനും ₹705257 കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും കൈമാറിയിട്ടുണ്ട്. സപ്ലൈകോയിൽ നിന്നും 6005കി.ഗ്രാം. ഗോതമ്പ് റവയും 1350 പേക്കറ്റ് കേര വെളിച്ചെണ്ണയും വാങ്ങിയത് (ഇഷ്യൂ നമ്പർ 1302105/201032, Dt. 31-10-2020) യഥാക്രമം 6025 കി.ഗ്രാം., 1500 പാക്കറ്റ് എന്നാണ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തിയിട്ടുള്ളത്. സാധനങ്ങൾ വാങ്ങിയതിലും വിതരണം ചെയ്തതിലുമുള്ള വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

3. പ്രോജക്ടിന്റെ പൂർത്തീകരണ സാക്ഷ്യ പത്രവും മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/28-12-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. മേല്പറഞ്ഞ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവു തുക ₹15,75,332 (545515+1029817) തടസ്സപ്പെടുത്തുന്നു.

## 1-33 മട്ടന്നൂർ ഗവ.യു പി സ്കൂളിന് ഫർണിച്ചർ ലഭ്യമാക്കൽ (സ്പിൽ ഓവർ)- രേഖകൾ ഹാജരാക്കിയില്ല ₹10,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.യു.പി.സ്കൂൾ, മട്ടന്നൂർ |
| പ്രോജക്ടിന്റെ നമ്പർ/പേര് | 378/21<br>മട്ടന്നൂർ ഗവ.യു പി സ്കൂളിന് ഫർണിച്ചർ ലഭ്യമാക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹10,00,000 മെയിന്റനൻസ് ഫണ്ട് - റോഡിതരം |

| | |
|---|---|
| ചെലവ് | ₹10,00,000 ബിൽ നമ്പർ /തീയ്യതി :4/20-21/28-5-2020 |

മട്ടന്നൂർ ഗവ. യു പി സ്കൂളിന് ഫർണിച്ചർ ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയ മേൽ പ്രോജക്ട് പ്രകാരം കേരള സിഡ്കോ എംപോറിയത്തിൽ നിന്നും ഫർണിച്ചർ വാങ്ങിയയിനത്തിൽ ₹10,00,000 പിൻവലിച്ച് സിഡ്കോയുടെ 57066443207 നമ്പർ എസ് ബി ഐ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 17-12-2019 ന് സിഡ്കോയ്ക്ക് നല്കിയ പർച്ചേസ് ഓർഡറിൽ ബെഞ്ച്, ഡെസ്ക്, മേശ, കസേര എന്നിവയുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. ഫർണിച്ചറിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ അതിന്റെ വില അനുവദിക്കുകയുള്ളൂ എന്ന് പർച്ചേസ് ഓർഡറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും പർച്ചേസിംഗ് കമ്മിറ്റി ഗുണനിലവാരം പരിശോധിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. സ.ഉ(സാധാ) 3299/16/LSGD, തീയതി 02-12-2016 ഉത്തരവ് പ്രകാരം സർക്കാർ/ സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവയിൽ നിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവ മാത്രമാകണം എന്ന് ഉറപ്പുവരുത്തിയതിനു ശേഷമാകണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇക്കാര്യം ഉറപ്പുവരുത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

3. ഇൻവോയ്സ് നമ്പർ KNR/19-20/146, Dt. 30-01-2021 പ്രകാരം വാങ്ങിയ 90 വീതം ബെഞ്ചും ഡെസ്കും 8 വീതം മേശയും കസേരകളും സ്റ്റോക്കിലെടുത്തതിന്റെ രേഖകളും പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/28-12-2021) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ ₹10,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 മരുന്നും ഉപകരണങ്ങളും സമയബന്ധിതമായി ലഭിക്കുന്നില്ല.

2020-21 വർഷം മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ മരുന്നും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക മുൻകൂർ നൽകിയിട്ടുണ്ട്. മിക്ക പ്രോജക്ടുകളിലും നാളിതുവരെയായിട്ടും മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | ബിൽ നമ്പർ, തുക | ലഭിച്ച മരുന്ന്-ഇൻവോയ്സ് നമ്പർ, തുക | ലഭിക്കാൻ ബാക്കിയുള്ള മരുന്നിന്റെ വില |
|---|---|---|---|---|
| 1 | 111/21, പാലിയേറ്റീവ് കെയർ | ₹258160 17/21, 27-11-20 | 1) 7606/19-10-21, ₹34,406<br>2) 8446/04-11-21, ₹19,173<br>3) 7609/19-10-21, ₹ 43193<br>4) 44113/09-03-21, ₹ 72065 | ₹ 89,323 |
| 2 | 117/21, മട്ടന്നൂർ CHC ക്ക് മരുന്ന് ലഭ്യമാക്കൽ | ₹900000, 19/20-21, 27-11-20 | 1) 22588/28-12-20, ₹ 221342<br>2) 44306/15-03-21, ₹197132<br>3) 44838/30-03-21, ₹224602<br>4) 44840/30-03-21, ₹159702<br>5) 7600/19-10-21, ₹18811 | ₹ 75461 |

| | | | | |
|---|---|---|---|---|
| | | | 6) 8445/04-11-21, ₹2950 | |
| | | ₹23264, 21/20-21, 07-12-20 | 1) 1615/20-05-21, ₹ 14246<br>2) 8212/01-11-21, ₹ 4856 | ₹4162 |
| | | ₹26926, 24/20-21, 15-12-20 | 1617/20-05-21, ₹5274 | ₹ 21652 |
| 3 | 119/21, നഗര ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ | ₹50000, 13/20-21, 22-10-20 | 1) 7130/09-10-21, ₹ 5247<br>2) 8762/07-12-20, ₹20,472 | ₹ 24281 |
| 4 | 120/21, അർബൻ ഡയാലിസിസ് സെന്റർ | ₹163628, 18/20-21, 27-11-20 | 1. 1818/05-12-20, ₹ 30364<br>2. 1895/15-12-20, ₹ 48858<br>3. 1695/10-11-20, ₹ 59422<br>4. 1853/09-12-20, ₹ 4664<br>5. 2098/18-01-21, ₹ 2507<br>6. 1920/17-12-20, ₹ 4106 | ₹ 13707 |
| | | ₹449999, 12/20-21, 09-10-20 | 1) 1851/09-12-20, ₹ 2749<br>2) 1490/19-10-20, ₹ 105815<br>3) 1859/11-12-20, ₹ 49680<br>4) 2007/04-01-21, ₹ 719<br>5) 1553/23-10-20, ₹ 27028<br>6) 1972/29-12-20, ₹ 4966<br>7) 1675/06-11-20, ₹ 18734<br>8) 2030/08-01-21, ₹ 6069<br>9) 1634/02-11-20, ₹ 28629<br>10) 2229/0-02-21, ₹ 15233 | ₹ 54787 |

| | | | | |
|---|---|---|---|---|
| | | | 11) 2453/12-03-21, ₹ 10839<br>12) MBB/20-21/2146, 15-10-20, ₹ 63424 | |

അവശേഷിക്കുന്ന മരുന്നുകൾ ഇതിനോടകം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (39/29-12-2021) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. മരുന്നുകളും ഉപകരണങ്ങളും സമയബന്ധിതമായി ലഭിക്കുന്നു എന്നുറപ്പു വരുത്തേണ്ടതും ലഭിക്കാൻ ബാക്കിയുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതുമാണ്.

## 1-35 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| പ്രോജക്ട് നമ്പർ / പേര് | 137/21 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹2,50,000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് തുക | ₹200,000 ബിൽ നമ്പർ : 1/20-21/11-1-2021 |

പ്രോജക്ട് പ്രകാരം ₹2,50,000 ആലപ്പുഴയിലെ കേരള സംസ്ഥാന ഹോമിയോപ്പതിക്ക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇൻവോയിസ് നമ്പർ LF.971/29-7-2021 പ്രകാരം ₹81,600 യുടെ മരുന്ന് മാത്രമാണ് ഹോമിയോ ഡിസ്പെൻസറിക്ക് ഇതുവരെ ലഭിച്ചിട്ടുള്ളത്. ₹1,68,400 യുടെ മരുന്ന് ലഭിക്കാത്തത് സംബന്ധിച്ച് നൽകിയ 12/23-12-2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മരുന്ന് ഉടനെ ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. മുഴുവൻ മരുന്നും ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 ഭദ്രത ഭവന പദ്ധതി - 6 വർഷം കഴിഞ്ഞിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

മട്ടന്നൂർ നഗരസഭയിലെ ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനായി തുടങ്ങിയ ഭദ്രത ഭവന പദ്ധതിയിൽ ആകെയുള്ള 88 ഗുണഭോക്താക്കളിൽ 11 പേർ നാളിതുവരെയായി ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡു അനുവദിച്ച തീയതി | അവസാനമായി തുക അനുവദിച്ച തീയതി | അനുവദിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | പി കെ മീനാക്ഷി | 11-12-2015 | 31-01-2018 | 20000 |
| 2 | പി വി കാർത്ത്യായനി | 14-03-2016 | 31-01-2018 | 20000 |
| 3 | നെല്ലിക്ക കാർത്ത്യായനി | 14-03-2016 | 28-06-2018 | 60000 |
| 4 | കെ കെ ലത | 07-04-2015 | 20-10-2016 | 20000 |
| 5 | മധു കെ, സുമതി | 14-03-2016 | 06-08-2019 | 20000 |
| 6 | എ ദേവു | 04-11-2015 | 25-06-2018 | 20000 |
| 7 | കുഞ്ഞിരാമൻ കെ | 11-12-2015 | 31-01-2018 | 20000 |
| 8 | സുശീല പി | 03-08-2015 | തീയതി ചേർത്തിട്ടില്ല | 20000 |
| 9 | സിന്ധു വി കെ | 06-11-2015 | 31-01-2018 | 60000 |
| 10 | കല്ല്യാണി പുതിയ | 06-11-2015 | 07-09-2018 | 20000 |

| | | | | |
|---|---|---|---|---|
| | പുരയിൽ | | | |
| 11 | കെ നാരായണി | 14-03-2016 | 25-06-2018 | 20000 |

ഭവനപദ്ധതി തുടങ്ങി 6 വർഷം പൂർത്തിയായിട്ടും മേല്പറഞ്ഞ 11 ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കാത്തതിന് കാരണം വിശദമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/28-12-2021) നൽകിയ മറുപടിയിൽ മേൽ പട്ടികയിലെ ക്രമ നമ്പർ 4, 5 എന്നിവർ പ്രവൃത്തി പൂർത്തീകരിച്ച് അപേക്ഷ നൽകിയതിനാൽ അവസാന ഗഡു ഉടൻ നൽകുമെന്നും ക്രമ നമ്പർ 9 പ്രവൃത്തി പൂർത്തീകരിച്ചു, കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല എന്നും ക്രമ നമ്പർ 11 നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ബാക്കിയുള്ളവർ നിർമ്മാണം പൂർത്തീകരിച്ച് വരികയാണെന്നും പ്രോജക്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്. മുഴുവൻ പേരും ഭവനനിർമ്മാണം പൂർത്തീകരിച്ചു എന്നുറപ്പ് വരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-37 മട്ടന്നൂർ നഗരസഭ ബസ് സ്റ്റാൻഡ് യാർഡ് കോൺക്രീറ്റിംഗ്

| | | |
|---|---|---|
| 1 | പ്രൊജക്റ്റ് നമ്പർ | 338/21 |
| 2 | പ്രൊജക്റ്റ് | മട്ടന്നൂർ നഗരസഭ ബസ് സ്റ്റാൻഡ് യാർഡ് കോൺക്രീറ്റിംഗ് |
| 3 | അടങ്കൽ തുക | 2050000/ (CFC) |
| 4 | ചെലവ് തുക | 1505834 |
| 5 | Bill No.തീയതി | 1276019/17/3/21 |
| 6 | നിർവ്വഹണ ഉദ്യോഗസ്ഥൻ | Municipal Engineer |
| 7 | കരാറുകാരൻ | വി.ഷാജി |
| 8 | കരാർ തുക | 1726961/- |

പ്രസ്തുത പ്രവൃത്തിയിൽ പ്രൈസ് നമ്പർ 15. 3 Demolishing RCC Work Manually/machanical Means എന്ന ഇനം ഡീറ്റൈൽഡ് എസ്റ്റിമേറ്റ് ഇനം നമ്പർ ഒന്ന് ആയി ആകെ കൊടുത്തിരിക്കുന്നത് 108 .567m3 ആണ് ഇത് M. ബുക്ക് നമ്പർ 15 /20 ലേ പേജ് 1,2 പ്രകാരം ആകെ ചെയ്തിരിക്കുന്നത് 46 .776m3 ആണ്. അളവിൽ ഇത്രയും വ്യത്യാസം വന്നതിന് സാങ്കേതിക സാംഗത്യം വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. അളവിൽ വ്യത്യാസം വന്നത് വിശദീകരിക്കേണ്ടതാണ്. പ്രസ്തുത പ്രവൃത്തിയിൽ പൊളിച്ചുനീക്കിയ 46.776 M3 ആർ സി സി യിലെ സ്റ്റീൽ ബാറുകൾ എത്ര അളവ് എന്നോ ,എവിടെ സ്റ്റാക്ക് ചെയ്തു എന്നോ , അവ പിന്നീട് എന്തു ചെയ്തു എന്നോ വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. പ്രസ്തുത സ്റ്റീൽ ബാറുകൾ അളവ് രേഖപ്പെടുത്തി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 റോഡ് പ്രവൃത്തി അപാകതകൾ - ഒഴിഞ്ഞ താർ വീപ്പകളുടെ വില കുറവ് ചെയ്തതായി കാണുന്നില്ല

നഗരസഭയിലെ താഴെപ്പറയുന്ന റോഡ് പ്രവൃത്തികളുടെ അന്തിമ ബില്ലിൽ നിന്നും ഒഴിഞ്ഞ താർ വീപ്പകളുടെ വില കുറവ് ചെയ്തതായി കാണുന്നില്ല.
മേൽപ്പറഞ്ഞ പ്രകാരം ഒഴിഞ്ഞ ടാർ വീപ്പകളുടെ വില ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്
1) പ്രൊജക്റ്റ് നമ്പർ 257/21
മേറ്റടി വയൽ കോളേജ് റോഡ് ടാറിങ്
അടങ്കൽ- 819685
ചെലവ് -818331
എം ബുക്ക് നമ്പർ 201 /2019
Bill No. 1217648/10/3/21
ഒഴിഞ്ഞ താർ വീപ്പകളുടെ എണ്ണം 20
ഈടാക്കേണ്ട തുക 4760
കരാറുകാരൻ – കോടിക്കണ്ടി ഗ്രൂപ്പ്
2)പ്രൊജക്റ്റ് നമ്പർ 250/19
മദ്രസ ബൈപാസ് റോഡ് റീടാറിംഗ്
അടങ്കൽ - 1200000
ചെലവ് - 852561

എം ബുക്ക് നമ്പർ -110/18-19, 128/18-19
ഒഴിഞ്ഞ താർ വീപ്പകളുടെ എണ്ണം- 12
ഈടാക്കേണ്ട തുക -2856/-
കരാറുകാരൻ – പി.പ്രവീൺ
മേല്പറഞ്ഞ പ്രകാരം ഒഴിഞ്ഞ ടാർ വീപ്പകളുടെ വില ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-39 ജി എസ് ടി -അപാകതകൾ

കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ നമ്പർ 20/17 ഇന്റഗ്രേറ്റഡ് ടാക്സ് (റേറ്റ്) തീയതി 22/8/17 പ്രകാരം ഗവൺമെന്റുമായി ബന്ധപ്പെട്ട നടക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് 12% ജി എസ് ടി ചുമത്താവുന്നതാണ്. പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇത്തരത്തിൽ ജി.എസ്.ടി അനുവദിക്കുമ്പോൾ കരാറുകാർ ടാക്സ് ഡിക്ലറേഷൻ നൽകേണ്ടതാണ്. നഗരസഭയിലെ ജി.എസ്.ടി. അനുവദിക്കപ്പെട്ട പ്രവൃത്തികളിൽ കരാറുകാർ ഇത്തരത്തിൽ ടാക്സ് ഡിക്ലറേഷൻ നൽകിയതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതി നമ്പർ | പദ്ധതി | Bill Amount | GST |
|---|---|---|---|
| 275/21 | പാലോട്ട് പള്ളി വെമ്പടി റോഡ് പുനരുദ്ധാരണം | 3567879.95 | 428145.59 |
| 164 /18 | പഴശ്ശിമഠം റോഡ് സൈഡ് സംരക്ഷണം | 1497973 | 71332 |
| 347/21 | ഹരിജൻ കോളനി തറചാണ്ടി റോഡ് ടാറിങ് | 27412123 | 79841 |

നഗരസഭ ജി എസ് ടി നൽകിയിട്ടും ടാക്സ് ഡിക്ലറേഷൻ ഹാജരാകാത്ത എല്ലാ കരാറുകാരിൽ നിന്നും ഡിക്ലറേഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|
| 2020-21 | 24-12-2021 മുതൽ 25-12-2021 വരെ | കെ.എസ്.എ/കെ.എൻ.ആർ/സി.15/42/ 2022 തീയതി: 12.05.2022 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭൂജല വകുപ്പ് | 68/21<br>വട്ടോന്നി പൊതു കുഴൽ കിണറിന് അനുബന്ധ സൗകര്യം ഒരുക്കൽ | 239/23.02.21 | 195000 | - | പൂർത്തീകരിച്ചിട്ടില്ല | - |
| ഭൂജല വകുപ്പ് | 396/21<br>കുടിവെള്ളപ്രശ്നം രൂക്ഷമായ പ്രദേശങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കൽ അനുബന്ധ സൗകര്യം ഒരുക്കൽ | 346/27.03.21 | 792000 | - | പൂർത്തീകരിച്ചിട്ടില്ല | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം മുനിസിപ്പാലിറ്റിക്ക് വായ്പയിനത്തിൽ വരവില്ല. വായ്പയിനത്തിൽ വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള ₹61153465 യിൽ ₹11743542 തിരിച്ചടച്ചിട്ടുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം KURDFC ലോൺ | GO.147/2009/ ത.സ്വ.ഭ.വ/ 29-7-2009 | 3,93,36,119 | 15941754 | 4905164 | | 11036590 |
| ഇ.എം.എസ് ഭവന പദ്ധതി | GO.1322/2010/ ത.സ്വ.ഭ.വ/ 16-4-2010 | 1,84,07,500 | 4051711 | 4051711 | | 0 |
| പി.എം.എ.വൈ KURDFC ലോൺ | ഉത്തരവ് ലഭ്യമാക്കിയിട്ടില്ല | 4,42,00,000 | 4,11,60,000 | 2786667 | | 38373333 |

| ആകെ | | | | 11743542 | | 49409923 |
|---|---|---|---|---|---|---|

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 5902400 |
| തൻവർഷം നിക്ഷേപിച്ചത് | 1733255 |
| ആകെ | 7635655 |
| തൻവർഷം പിൻവലിച്ചത് | 3345673 |
| വർഷാവസാനം നീക്കിയിരിപ്പ് | 4289982 |

| ക്രമ നമ്പർ | സ്ഥിര നിക്ഷേപത്തിന്റെ വിവരം | കാലാവധി | തുക |
|---|---|---|---|
| 1 | കൊളാരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മട്ടന്നൂർ FD നമ്പർ 26/2010-11/18-5-2020 | 16-5-2021 | 2438163 |
| 2 | യൂനിയൻ ബാങ്ക്, മട്ടന്നൂർ FD നമ്പർ 721319/28-1-2021 | 28-1-2022 | 1330819 |
| 3 | ക്ലീൻ കേരള മിഷൻ ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 033/26-5-2014, 500 എണ്ണം @ ₹1000 | - | 500000 |
| 4 | ഷെയർ സർട്ടിഫിക്കറ്റ് | - | 16000 |
| 5 | ഷെയർ സർട്ടിഫിക്കറ്റ് | - | 5000 |
| | ആകെ | | 4289982 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മുനിസിപ്പാലിറ്റിയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2001-02 | 5 | 2004-05 | 4/11-13 | രേഖയില്ല കാലിത്തീറ്റ വിതരണത്തിൽ ക്രമക്കേട് | നിലവിലെ അവസ്ഥ തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 334940168 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 249172112 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | കണക്കാക്കിയിട്ടില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 15922 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 10349177 |

ബി. മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-29 | - | 15922 | ശ്രീ. കെ. പി. രമേശ് ബാബുപ്രൊജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജന സെൽ |
| ആകെ | - | 15922 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-25 | 41,92,000 | ശ്രീ. വിനോദ് കുമാർ. എസ്. സെക്രട്ടറി |
| 1-26 | 28,84,345 | ശ്രീ. വിനോദ് കുമാർ. എസ്. സെക്രട്ടറി |
| 1-28 | 6,46,500 | ശ്രീ. ശശിധരൻ. എൻ. പി.ഹെഡ് മാസ്റ്റർ ജി.യു.പി.എസ്. മട്ടന്നൂർ |

| | | |
|---|---|---|
| 1-29 | 51,000 | ശ്രീ. കെ. പി. രമേശ് ബാബു.<br>പ്രൊജക്ട് ഓഫീസർ,<br>നഗര ദാരിദ്ര്യ നിർമ്മാർജന സെൽ |
| 1-32 | 1575332 | ശ്രീമതി.ജിസ്മി അഗസ്റ്റിൻ, ICDS സൂപ്പർവൈസർ |
| 1-33 | 10,00,000 | ശ്രീ. ശശിധരൻ. എൻ. പി.<br>ഹെഡ് മാസ്റ്റർ ജി.യു.പി.എസ്. മട്ടന്നൂർ |
| ആകെ | 10349177 | |

സി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ പേരു വിവരം

| നഷ്ടത്തിനും തടസ്സതിനും ഉത്തരവാദികളായവരുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ. പി. രമേശ് ബാബു.<br>പ്രൊജക്ട് ഓഫീസർ,<br>നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | പ്രൊജക്ട് ഓഫീസർ,<br>നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ,<br>മട്ടന്നൂർ മുനിസിപ്പാലിറ്റി | ടി.പി.ഹൗസ്, മാവിലേരി,<br>ചെണ്ടയാട്.പി.ഒ. |
| ശ്രീ. വിനോദ് കുമാർ. എസ്.<br>സെക്രട്ടറി | സെക്രട്ടറി,<br>മട്ടന്നൂർ മുനിസിപ്പാലിറ്റി | നാരായണ നിവാസ്,<br>തമലം, പൂജപ്പുര.പി.ഒ,<br>തിരുവനന്തപുരം. |
| ശ്രീമതി.ജിസ്മി അഗസ്റ്റിൻ, ICDS സൂപ്പർവൈസർ | വിവരം ലഭ്യമായിട്ടില്ല. | പുതിയടത്ത് താഴത്ത് ഹൗസ്, ഉളിക്കൽ. |
| ശ്രീ. ശശിധരൻ. എൻ. പി.<br>ഹെഡ് മാസ്റ്റർ ജി.യു.പി.എസ് | ഹെഡ് മാസ്റ്റർ<br>ജി.യു.പി.എസ്, മട്ടന്നൂർ | അനുഗ്രഹ, തെരൂർ<br>പാലയോട്, എളമ്പാറ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98<br>തനത് ഫണ്ട് | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(2)<br>/23-11-2011 | 3 |
| 1997-98<br>പദ്ധതി വിഹിതം | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(1)<br>/23-11-2011 | 12 |
| 1998-99<br>തനത് ഫണ്ട് | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(4)<br>/23-11-2011 | 11 |
| 1998-99<br>പദ്ധതി വിഹിതം | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(3)<br>/23-11-2011 | 11 |
| 1999-00<br>തനത് ഫണ്ട് | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(6)<br>/23-11-2011 | 10 |
| 1999-00<br>പദ്ധതി വിഹിതം | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(5)<br>/23-11-2011 | 3 |

| | | |
|---|---|---|
| 2000-01 പദ്ധതി വിഹിതം | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(7) /23-11-2011 | 17 |
| 2000-01 തനത് ഫണ്ട് | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(8) /23-11-2011 | 1 |
| 2001-02 തനത് ഫണ്ട് | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(10) /23-11-2011 | 10 |
| 2001-02 പദ്ധതി വിഹിതം | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(9) /23-11-2011 | 7 |
| 2002-03 | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(11) /23-11-2011 | 4 |
| 2003-04 | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(12) /23-11-2011 | 7 |
| 2004-05 | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(13) /23-11-2011 | 13 |
| 2005-06 | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(14) /23-11-2011 | 11 |
| 2006-07 | എൽ.എഫ്/കെ.എൻ.ആർ/ബി.3/490 /13/16-5-2013 | 15 |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ/ബി.3/1927 /13/16-5-2013 | 25 |
| 2008-09 | എൽ.എഫ്/കെ.എൻ.ആർ/ബി.3/1371 /13/4-1-2014 | 29 |
| 2009-10 | | |
| 2010-11<br>2011-12 | എൽ.എഫ്/കെ.എൻ.ആർ/ബി.3/146 /15/29-7-2015 | 47 |
| 2012-13<br>2013-14<br>2014-15 | എൽ.എഫ്/കെ.എൻ.ആർ/ബി.3/2059 /16/29-2-2016 | 31 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ബി.2/178 /17/10-2-2017 | 8 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.13/1806/17 /27-11-2017 | 18 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.16/126/19 /14-3-2019 | 12 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.16/1789/19 /22-1-2020 | 36 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ./സി.15 /41/2022 തീയതി: 11.05.2022 | 27 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annex3-1

RECEIPT AND PAYMENT STATEMENT OF MATTANUR MUNICIPALITY FOR THE PERIOD FROM 1-4-2020 TO 31-3-2021

| Code No. | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 51822634.51<br>1250 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 3291036 |
| 120000000 | Assigned Revenues & Compensation | RP-2 | 520 |
| 130000000 | Rental Income From Municipal Properties | RP-3 | 0 |
| 140000000 | Fees & User Charges | RP-4 | 6063831 |
| 150000000 | Sale & Hire Charges | RP-5 | 336804 |
| 160000000 | Revenue Grants, Contributions & Subsides | RP-6 | 150262783 |
| 170000000 | Income from Investments | RP-7 | |
| 171000000 | Interest Earned | RP-8 | 549323 |
| 180000000 | Other Income | RP-9 | 2215 |
| 420000000 | Investment General Fund | RP-34 | 2060000 |
| 431000000 | Sundry Debtors (Receivables) | RP-37 | 28205021 |
| Non operating | | | |
| 311000000 | Earmarked Fund | RP-22 | 15271400 |

| | | | |
|---|---|---|---|
| 320000000 | Grants Contribution for Specific Purposes | RP-24 | 118529343 |
| 340000000 | Deposits Received | RP-27 | 3199841 |
| 350000000 | Other Liabilities | RP-29 | 7131051 |
| 460000000 | Loans, Advances and Deposits | RP-41 | 37000 |
| Grand Total | | | 386764052.51 |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-10 | 12706896 |
| 220000000 | Administrative Expenses | RP-11 | 2992530 |
| 230000000 | Operations & Maintenance | RP-12 | 5941485 |
| 240000000 | Interest & Finance Charges | RP-13 | 1732383 |
| 250000000 | Program Expenses | RP-14 | 62109187 |
| 251000000 | Decentralised Plan Programme-Service Sector | RP-45 | 17277742 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-46 | 22474443 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-47 | 8503571 |
| 260000000 | Revenue Grants, Contributions & Subsides | RP-15 | 1155255 |
| 350000000 | Other Liabilities | RP-29 | 11347849 |
| 430000000 | Stock in Hand | RP-36 | 79650 |
| 431000000 | Sundry Debtors (Receivables) | RP-37 | 6254110 |
| Non Operating | | | |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | RP-22 | 1090991 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 11088 |
| 330000000 | Secured Loans | RP-25 | 8956875 |
| 340000000 | Deposits Received | RP-27 | 1788215 |
| 350000000 | Other Liabilities | RP-29 | 22248839 |
| 410000000 | Fixed Assets | RP-31 | 34808628 |
| 412000000 | Capital Work in Progress | RP-33 | 27142875 |
| 460000000 | Loans, Advances and Deposits | RP-41 | 549500 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 135879369.51<br>1712571 |
| Grand Total | | | 386764052.51 |

## Annx-3-2

## INCOME AND EXPENDITURE STATEMENT OF MATTANUR MUNICIPALITY FOR THE PERIOD FROM 1-4-2020 TO 31-3-2021

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 19019496 |
| 120000000 | Asigned Revenues & Compensation | I-2 | 520 |
| 130000000 | Rental Income from Municipal Properties | I-3 | 14418114 |
| 140000000 | Fees & User Charges | I-4(b) | 8298882 |
| 150000000 | Sale & Hire Charges | I-5(b) | 336804 |
| 160000000 | Revenue Grants, Contributions & Subsidies | I-6 | 249873195 |
| 170000000 | Income From Investments | I-7 | 447582 |
| 171000000 | Interest Earned | I-8 | 549323 |
| 180000000 | Other Income | I-9 | 217345 |
| A | Total Income | | 293161261 |

| | | | |
|---|---|---|---|
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 36166691 |
| 220000000 | Administrative Expenses | I-11(b) | 3040435 |
| 230000000 | Operations & Maintenance | I-12(b) | 6282663 |
| 240000000 | Interest & Finance Charges | I-13 | 1732383 |
| 250000000 | Programme Expenses | I-14 | 164603189 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 19905282 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 22474443 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14 | 8503571 |
| 260000000 | Revenue Grants, Contributions & Subsidies | I-15 | 1155255 |
| 272000000 | Depreciation | I-17(a) | 4988433 |
| B | Total Expenditure | | 268852345 |
| C=A-B | Gross Surplus / Defict Income over Expenditure | | 24308916 |
| D= 280000000 | Prior Period Item | I-18 | -2556069 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 26864985 |
| | Net Balance being Surplus/Defict carried over to Balance Sheet (Municipal Fund) | | |

## Annx-3-3

## BALANCE SHEET OF MATTANUR MUNICIPALITY AS ON 31-3-2021

| CODE No | DESCRIPTION OF ITEMS | SCHEDULE | AMOUNT |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Municipal (General) Fund [ Code No 310 ] | B-1 | 191953225.37 |
| 311000000 | Earmarked Funds | B-2 | 186640 |
| 312000000 | Reserves | B-3 | 245290946 |
| | Total Reserve & Surplus | | 437430811.37 |
| | Grants, Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 128705099 |

| | | | |
|---|---|---|---|
| | Total Grants,Contribution for specific purposes | | 128705099 |
| | Loans | | |
| 330000000 | Secured Loans | B-5 | 49409923 |
| | Total Loans | | 49409923 |
| | Current Liabilities and Provision s | | |
| 340000000 | Deposits Received | B-7 | 54785948 |
| 350000000 | Other Liabilities | B-9 | 8812700.74 |
| | Total Current Liabilities and Provisions | | 63598648.74 |
| | TOTAL LIABILITIES | | 679144482.11 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 479443233 |
| 411000000 | Accumulated Depreciation | B-11 | -19904746 |
| 412000000 | Capital Work In Progress | B-11 | 43009148 |
| | Total Fixed Assets | | 502547635 |
| | Investments | | |
| 420000000 | Investments General | B-12 | 4289982 |
| | Total Investments | | 4289982 |
| | Current Assets,Loans and Advances | | |
| 430000000 | Stock in hand | B-14 | 0 |
| 431000000 | Sundry Debtors (Receivables) | B-15 | 25473726 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -1229846 |
| 450000000 | Cash and Bank balance | B-17 | 137591940.51 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | B-18 | 10398389 |
| | Total Current Assets, Loans and Advances | | 172234210.11 |
| | Assets | | |
| 470000000 | Other Assets | B-19 | 72655 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0 |
| | Total Micellaneous Expenditure (To the Extent not written off) | | 72655 |
| | TOTAL ASSETS | | 679144482.11 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം